I.ഇ.ബി. XII കേരള നിയമസഭ/X-11

**പന്ത്രണ്ടാം കേരള നിയമസഭ**

പത്താം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2009 മാർച്ച് 2, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**തിരുത്തിയ ഉത്തരം**

XII-ാം കേരള നിയമസഭയുടെ X-ാം സമ്മേളനത്തിലെ 17-02-2009-ലെ നക്ഷത്രചിഹ്നമിടാത്ത **175**-ാം നമ്പർ ചോദ്യത്തിന്റെ (ബി) പിരിവിലെ തിരുത്തിയ ഉത്തരം ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) മേശപ്പുറത്തുവച്ചു.

**അടിയന്തിരപ്രമേയം**

സമാന്തര സമ്പദ്ഘടന

മി. സ്പീക്കർ : സംസ്ഥാനത്ത് ഭൂമാഫിയ സമാന്തര സമ്പദ്ഘടന സൃഷ്ടിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന അതീവഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണ

മെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ ടി. എൻ. പ്രതാപൻ, വി. കെ. ഇബ്രാഹിം കുഞ്ഞ്, ജോസഫ് എം. പുതുശ്ശേരി, കെ. ബി. ഗണേഷ് കുമാർ, കെ. കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : രാജ്യത്ത് ക്രിമിനൽ-രാഷ്ട്രീയ-ഉദ്യോഗസ്ഥ കൂട്ടുകെട്ടിന്റെ മാഫിയകൾ വളർന്നുവരുന്നു എന്നുള്ളത് പുതിയ കാര്യമല്ല. ക്രിമിനൽ-രാഷ്ട്രീയ-ഉദ്യോഗസ്ഥ കൂട്ടുകെട്ടിനെക്കുറിച്ചും രാഷ്ട്രീയ നേതാക്കൾ ക്രിമിനൽ സംഘങ്ങളുടെ നേതാക്കളായതിനെക്കുറിച്ചും ക്രിമിനലുകൾ ജനാധിപത്യ സ്ഥാപനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടതിനെക്കുറിച്ചുമൊക്കെയുള്ള റിപ്പോർട്ടിനെപ്പറ്റി അന്വേഷണം നടത്താൻ ഉന്നതതല സമിതിയെ നിയോഗിക്കണമെന്ന് 1997-ൽ സുപ്രീംകോടതിയുടെ ഡിവിഷൻ ബഞ്ച് ആവശ്യപ്പെടുകയുണ്ടായി. ഇൻഡ്യയിൽ വളർന്നുവന്നിരുന്ന ഇത്തരം പ്രവണതയെ സംബന്ധിച്ച് അന്നത്തെ കേന്ദ്ര ഗവൺമെന്റ് വിശദമായി പഠിച്ച് റിപ്പോർട്ട് സഭയിൽ അവതരിപ്പിച്ചിരുന്നു. കേരളത്തിലെ രാഷ്ട്രീയ മാഫിയ കൂട്ടുകെട്ടിനെ സംബന്ധിച്ചും ഹൈക്കോടതിയുടെ പരാമർശമുണ്ടായിട്ടുണ്ട്. രാഷ്ട്രീയ ഭൂമാഫിയ സംഘങ്ങളെ പിടിക്കാനും നിലം, തണ്ണീർത്തടങ്ങൾ എന്നിവ നികത്തുന്നത് നിരോധിക്കാനും നിയന്ത്രിക്കാനും നിയമം പാസ്സാക്കുകയും അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയുമാണ് ഈ ഗവൺമെന്റ് ചെയ്തത്. സംസ്ഥാന ഇന്റലിജൻസ് വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ച് ഹവാല കുറ്റകൃത്യങ്ങൾ അന്വേഷിച്ച് കെസ്സുകളെടുത്തിട്ടുണ്ട്. സമാന്തര ഭൂമാഫിയകളെ പ്രതിരോധിക്കാനും നിയന്ത്രിക്കാനുമുള്ള ശക്തമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ടി. എൻ. പ്രതാപൻ</u> : കഴിഞ്ഞ ശനിയാഴ്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി തൃശൂരിൽ നടത്തിയ പ്രസംഗത്തിൽ വഴിവിട്ട നിലയിൽ പ്രവർത്തനം നടത്തി പണം സമ്പാദിച്ച ഭൂമാഫിയകളുടെ പ്രവർത്തനം സംസ്ഥാനത്ത് സമാന്തര സമ്പദ് വ്യവസ്ഥ സൃഷ്ടിച്ചിരിക്കുന്നു എന്നും വിരലിലെണ്ണാവുന്ന രാഷ്ട്രീയ നേതാക്കളും ഉന്നത ഉദ്യോഗസ്ഥരുമുള്ള കൂട്ടുകെട്ട് അഭംഗുരം തുടരുന്നു എന്നും പറഞ്ഞിരുന്നു. സംസ്ഥാനത്ത് സമാന്തര ഭൂമാഫിയകളെ നിയന്ത്രിക്കേണ്ടതും നിലയ്ക്കുനിറുത്തേണ്ടതും ഗവൺമെന്റാണ്. ഇതിൽ ഉൾപ്പെട്ടിട്ടുള്ള ഉന്നതരായ ഉദ്യോഗസ്ഥരും രാഷ്ട്രീയ നേതാക്കളും ആരാണെന്ന് മുഖ്യമന്ത്രി സഭയിൽ വെളിപ്പെടുത്തണം. ഇക്കാര്യം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി <u>(ശ്രീ. വി. എസ്. അച്ചുതാനന്ദൻ)</u> : ദേശവ്യാപകമായി നിലനിൽക്കുന്ന ക്രിമിനൽ-ഉദ്യോഗസ്ഥ-രാഷ്ട്രീയ കൂട്ടുകെട്ട് സംബന്ധിച്ചും ആരൊക്കെയാണ് അതിലുൾപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കാൻ കഴിഞ്ഞിട്ടില്ല. കേരളത്തിൽ ഇത്തരം പ്രവർത്തനങ്ങൾ വളർന്നുവരുന്നതിനെക്കുറിച്ച് അന്വേഷിച്ച് നിരവധി കേസ്സുകളെടുത്തിട്ടുണ്ട്. ഭൂമാഫിയയ്ക്കെതിരെ പോലീസിന്റെയും ഗവൺമെന്റിന്റെയും നടപടികൾക്ക് അതീതമായി ജനങ്ങളുടെ സഹകരണം ഉറപ്പുവരുത്തേണ്ടതുണ്ട്. ഇത്തരം പ്രശ്നങ്ങൾ ഗൗരവമായി കണ്ട് അവ നിയന്ത്രിക്കുന്നതിനും തടയുന്നതിനുമുള്ള നടപടികൾ ഒത്തൊരുമിച്ച് സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു).

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. ഉമ്മൻ ചാണ്ടി, സി. എഫ്. തോമസ്, സി. ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷി

നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

(1) ആക്സിലിയറി നഴ്സ്, മിഡ്വൈഫ് തുടങ്ങിയ വിഭാഗങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. എ.എ. അസീസ്: കേരളത്തിലെ ഗ്രാമപ്രദേശങ്ങളിലേയും തീരദേശ -മലയോര-പിന്നോക്ക മേഖലകളിലുൾപ്പെടെയുള്ള പി.എച്ച്.സി.കളിലും സർക്കാർ ആശുപത്രികളിലും സേവനമനുഷ്ഠിച്ചുവരുന്ന ആക്സിലിയറി നഴ്സ്, മിഡ്വൈഫ് വിഭാഗക്കാരെ ആരോഗ്യവകുപ്പിലെ ഇതര വിഭാഗങ്ങൾ ചൂഷണം ചെയ്യുകയും ഇവരുടെ ജോലി തടസ്സപ്പെടുത്തുകയും ചെയ്യുന്നു. ഇവർക്ക് അർഹതപ്പെട്ട പ്രൊമോഷൻ പോസ്റ്റുകൾ മരവിപ്പിക്കുകയും പുതിയ തസ്തികകൾ സൃഷ്ടിക്കാതിരിക്കുകയും 1987 മുതൽ തസ്തികമാറ്റംവഴി നിയമനം നടത്തുകയുമാണ് ചെയ്യുന്നത്. ആക്സിലിയറി നഴ്സസ് സ്കൂളുകൾ നിർത്തലാക്കുകയും ഡെലിഗേഷൻ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് എന്നാക്കി മാറ്റുകയും ചെയ്തു. ഇവരുടെ ജോലിയുമായും കോഴ്സുകളുമായും ബന്ധമില്ലാതിരുന്ന ആരോഗ്യവകുപ്പിലെ സമാന്തര വിഭാഗത്തിന് മാതൃ-ശിശു ആരോഗ്യ സംരക്ഷണ വിഭാഗത്തിലെ പോസ്റ്റുകൾക്ക് അർഹതയുണ്ടെന്ന് വരുത്തിത്തീർക്കാൻവേണ്ടി ജൂനിയർ പി.എച്ച്. നഴ്സുമാരിൽനിന്ന് പ്രവർത്തന റിപ്പോർട്ടുകൾ വാങ്ങി ഫണ്ട് കൈക്കലാക്കിയിരിക്കുകയാണ്. സബ് ഹെൽത്ത് സെന്ററിന് ആവശ്യമായ ഫണ്ട് ആവർത്തന ചെലവ് എന്ന പേരിൽ നിഷേധിക്കുകയും വെള്ളക്കരം, വൈദ്യുതി ചാർജ്ജ് ഉൾപ്പെടെ

യുള്ള വിവിധ ചെലവുകൾക്ക് ആവശ്യമായ തുക ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ പക്കൽനിന്നും ഈടാക്കുകയും അവരുടെ ഹൗസ് റെന്റ് അലവൻസ് വെട്ടിക്കുറയ്ക്കുകയുമാണ് ചെയ്യുന്നത്. സമാന്തര വിഭാഗങ്ങളുടെ പ്രവർത്തനത്തിന് പ്രത്യേകമായി ഓഫീസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തന റിപ്പോർട്ടുകൾ സൂപ്പർവൈസർ മുഖേന വിലയിരുത്തേണ്ടതും സംസ്ഥാനതലംവരെ എത്തിക്കേണ്ടതും ആവശ്യമായ നിയമനങ്ങൾ നടത്തേണ്ടതുമാണ്. പി.എച്ച്.സി. മുതൽ സംസ്ഥാനതലം വരെയുള്ള അർഹതപ്പെട്ട പ്രൊമോഷൻ പോസ്റ്റുകളും നഴ്സിംഗ് സ്കൂളുകളിലെ പോസ്റ്റുകളും നികത്താതെ മരവിപ്പിച്ചിരിക്കുകയാണ്. പരിശീലനവും സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയും ലഭിച്ച മേഖലയിൽ ജോലി ചെയ്യണമെന്ന ആവശ്യം അനുവദിച്ചുകൊടുക്കുകയും പ്രോട്ടോകോൾ വിഭജിച്ച് നിജപ്പെടുത്തി നൽകുകയും ചെയ്യേണ്ടതാണ്. 15 വർഷത്തിലധികം സർവ്വീസുള്ളവർക്ക് സൂപ്പർവൈസറി പോസ്റ്റുകൾ നൽകേണ്ടതാണ്. അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത പ്ലസ് ടു-വിന് 55 ശതമാനം മാർക്കോ ബിരുദമോ ആയിരിക്കണമെന്നും കോഴ്സിന്റെ കാലാവധി മൂന്ന് വർഷമാക്കി ഉയർത്തണമെന്നുമുള്ള ശുപാർശ നൽകേണ്ടതാണ്. നിർത്തലാക്കിയ സ്കൂളുകൾ പുന:സ്ഥാപിച്ച് അഭ്യസ്ത വിദ്യരായ സ്ത്രീകൾക്ക് തൊഴിലവസരം നൽകേണ്ടതാണ്. ഇവർക്ക് അംഗത്വം കൊടുത്തുകൊണ്ട് സർക്കാർതലത്തിൽ മാതൃ-ശിശു ആരോഗ്യ നഴ്സിംഗ് കൗൺസിൽ രൂപീകരിക്കാനുള്ള നടപടിയുണ്ടാകണം. ഇവർക്ക് മ്യൂച്വൽ ട്രാൻസ്ഫറിന് അനുമതി നൽകുകയും അഡ്മിനിസ്ട്രേറ്റീവ് കേഡറും സ്പെഷ്യാലിറ്റി കേഡറും രൂപീകരിക്കുകയും വേണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ നേട്ടങ്ങൾ മറ്റുള്ളവർ ചൂഷണം ചെയ്യുകയും ജോലി തടസ്സപ്പെടുത്തുകയും ചെയ്യുന്നുവെന്നുള്ളത് അടിസ്ഥാനരഹിതമാണ്. പ്രൊമോഷൻ തസ്തിക മരവിപ്പിക്കുകയും തസ്തികമാറ്റം വഴി നിയമനം നടത്തുകയും ചെയ്യുന്നുവെന്നുള്ള ആരോപണവും ശരിയല്ല. സീനിയോറിറ്റി ലിസ്റ്റ് സംബന്ധിച്ച് തർക്കമുണ്ടായിരുന്നതിനാൽ 1983 മുതൽ ഇവർക്ക് പ്രൊമോഷൻ നൽകിയിരുന്നില്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1983-നും 1994-നുമിടയ്ക്ക് സർവ്വീസിൽ പ്രവേശിച്ച ജെ.പി.എച്ച്.എൻ-മാരുടെ സീനിയോറിറ്റി സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുകയും 3979 പേർക്ക് പ്രൊമോഷൻ നൽകുകയും ചെയ്തു. ഗ്രേഡ്-2 എന്നുള്ളത് ഗ്രേഡ്-1 ആയും ഗ്രേഡ്-1 എന്നുള്ളത് എൽ.എച്ച്.ഐ. ആയും പ്രൊമോഷൻ കൊടുത്തു. പതിനഞ്ച് വർഷമായി ഒരേ ജില്ലയിൽത്തന്നെ ജോലി ചെയ്യുന്നവർക്ക് സ്വന്തം ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം നൽകുന്നതിനുള്ള നടപടികളെടുത്തുവരികയാണ്. ഗ്രേഡ്-1-ലേയ്ക്കുള്ള നിയമനം ജില്ലാപരിധിയിൽനിന്നും സംസ്ഥാനപരിധിയിലാക്കി. ഇനി മുതൽ ഇവർക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം ലഭിക്കും. ഒഴിവുവരുന്ന തസ്തികകളിൽ പി.എസ്.സി. വഴി നിയമനം നടത്തും. പി.എസ്.സി. വഴി നിയമനം നടത്തുന്നതുവരെ ബോണ്ടഡായിട്ടുള്ള, ജെ.പി.എച്ച്.എൻ. കോഴ്സ് പാസ്സായവരെ താല്ക്കാലികമായി നിയമിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വെള്ളക്കരം, വൈദ്യുതി ചാർജ് എന്നിവ ഈ വിഭാഗക്കാരിൽ നിന്നും ഈടാക്കുകയോ വീട്ടുവാടക അലവൻസ് വെട്ടിക്കുറയ്ക്കുകയോ ചെയ്തിട്ടില്ല. ഫർണിച്ചറുകൾ വാങ്ങുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്ന

തിനുമായി എൻ.ആർ.എച്ച്.എം-ന്റെ ഫണ്ടിൽ നിന്നും 10,000 രൂപ വീതം ജെ.പി.എച്ച്.എൻ.മാരുടെ സെന്ററുകളിലേയ്ക്ക് കൊടുക്കുകയുമാണ് ചെയ്തിട്ടുള്ളത്. കഴിഞ്ഞ വർഷം മുതൽ ഇവരുടെ ട്രെയിനിംഗ് സ്കൂളുകൾ പ്രവർത്തനക്ഷമമാക്കുകയും ട്രെയിനിംഗ് നൽകുകയും ചെയ്യുന്നുണ്ട്. ഇവർക്ക് നിയമാനുസൃതമായി ലഭിക്കേണ്ട എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ട്. വെള്ളക്കരത്തിന് 25,000 രൂപ വീതം ഓരോ പഞ്ചായത്തിനും വൈദ്യുതി ചാർജ്ജിനത്തിൽ 45,000 രൂപ വീതം മെഡിക്കൽ ഓഫീസർക്കും നൽകിയിട്ടുണ്ട്. ഫീൽഡ് വർക്ക് ചെയ്യേണ്ട ജെ.പി.എച്ച്.എൻ-മാരെക്കൊണ്ട് തദ്ദേശഭരണസ്ഥാപനങ്ങൾ മറ്റ് ജോലി ചെയ്യിപ്പിക്കുന്നുവെന്ന പരാതി തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താം. മറ്റെന്തെങ്കിലും പരാതിയുണ്ടെങ്കിൽ അതുസംബന്ധിച്ച് പരിശോധിച്ച് നടപടിയെടുക്കുന്നതാണ്. ഇവരുടെ മ്യൂചൽ ട്രാൻസ്ഫർ നിയമപരമായി അംഗീകരിക്കാൻ കഴിയില്ല. എങ്കിലും ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്ന് പരിശോധിക്കാം.

(2) ധാരണവില സമ്പ്രദായം

ശ്രീ. കെ. ശിവദാസൻ നായർ: 01-12-08 മുതൽ സബ് രജിസ്ട്രാർ ഓഫീസുകളിൽ ആധാരം രജിസ്റ്റർ ചെയ്യുമ്പോൾ ഭൂമിക്ക് വില കണക്കാക്കുന്നതിനെ സംബന്ധിച്ച് ഒരു പുതിയ നിർദ്ദേശം കൊടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ വകുപ്പ് ചില തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. ഭൂമിയുടെ യഥാർത്ഥ വില രേഖപ്പെടുത്തുന്നില്ലെങ്കിൽ മുദ്രപ്പത്ര നിയമം അനുസരിച്ച് കളക്ടർക്ക് റഫർ ചെയ്ത് മേൽനടപടിയെടുത്ത് പിഴ ഈടാക്കുന്ന രീതിയാണ് സ്വീകരിച്ചുപോരുന്നത്. റവന്യൂ ഡിപ്പാർട്ടുമെന്റ് വസ്തുവിന്റെ മാർക്കറ്റ് വില നിശ്ചയിച്ചിട്ടുണ്ട്. സംസ്ഥാനത്ത്

ഭൂമിയുടെ ന്യായവില നിജപ്പെടുത്തൽ പൂർത്തിയായിട്ടില്ലാത്തതിനാൽ അനൗപചാരികമായ ഒരു ഇടക്കാല ഏർപ്പാടെന്ന നിലയ്ക്കാണ് ധാരണവില സമ്പ്രദായം കൊണ്ടുവന്നിട്ടുള്ളത്. നിയമപ്രകാരമല്ലാതെ സബ് രജിസ്ട്രാർമാരും ആധാരമെഴുത്തുകാരും തമ്മിലുണ്ടാക്കിയിട്ടുള്ള ധാരണ അനുസരിച്ച് ആധാരങ്ങളിൽ കാണിക്കേണ്ട ഏറ്റവും കുറഞ്ഞ ഭൂമി വിലയാണ് ധാരണവില. അതനുസരിച്ച് ഓരോ പഞ്ചായത്തിലും വസ്തുവിന് ഈടാക്കേണ്ട വില എത്രയാണെന്നുള്ളത് അവർ തീരുമാനിക്കും. ആധാരം രജിസ്റ്റർ ചെയ്യാൻ വരുന്നവർ ആ ധാരണവില അനുസരിച്ച് മുദ്രപ്പത്രവില നൽകണമെന്ന തീരുമാനം നിയമവിരുദ്ധമാണ്. മുദ്രപ്പത്രവില കൊടുക്കാത്തവരുടെ ആധാരം തിരിച്ചുകൊടുക്കുകയാണ്. മാത്രമല്ല, ധാരണ വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് രജിസ്റ്റർ ചെയ്താൽ ബന്ധപ്പെട്ട ഉദ്യോഗ സ്ഥന്റെ ശമ്പളത്തിൽനിന്നും ഈടാക്കും. റവന്യൂ വകുപ്പ് തീരുമാനിച്ച മാർക്കറ്റ് വിലയുടെ അടിസ്ഥാനത്തിലുള്ള മുദ്രപ്പത്രവില ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി <u>(ശ്രീ. എസ്.. ശർമ്മ):</u> കേരള മുദ്രപ്പത്ര നിയമം 45 (ബി) വകുപ്പ് അനുസരിച്ച് അണ്ടർ വാല്യുവേഷൻ നടപടികൾക്കായി വിപുലമായ വിവേചനാധികാരമാണ് രജിസ്റ്ററിംഗ് ഉദ്യോഗ സ്ഥർക്ക് നൽകിയിട്ടുള്ളത്. സംസ്ഥാനത്ത് ഭൂമിക്ക് ന്യായവില നിശ്ചയിച്ചിട്ടി ല്ലാത്തതിനാൽ ഏത് ആധാരവും സബ് രജിസ്ട്രാർക്ക് അണ്ടർ വാല്യുവേഷൻ നടപടിക്ക് വിധേയമാക്കാൻ കഴിയുന്നതുകൊണ്ട് ഇക്കാര്യത്തിൽ ഒരു മാനദണ്ഡവും സുതാര്യതയും ഇല്ലാതിരുന്നത് പൊതുജനങ്ങളെ അനാവശ്യ മായി ബുദ്ധിമുട്ടിക്കുന്നതായി പരാതിയുയർന്നിരുന്നു. .യഥാർത്ഥത്തിലുള്ള വില കാണിച്ചിട്ടുള്ള ആധാരത്തിന്മേൽപ്പോലും അണ്ടർ വാല്യുവേഷൻ

നടപടികളെടുത്ത് അഴിമതി നടത്തിയിരുന്നു. അണ്ടർ വാല്യുവേഷൻ നടപടി കളെടുക്കുന്ന സബ് രജിസ്ട്രാർമാരുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കാനും പൊതുജനങ്ങൾക്കുള്ള പരാതികൾ ഇല്ലാതാക്കുന്ന വിധത്തിൽ മാനദണ്ഡ ങ്ങൾ സ്വീകരിക്കാനുമാണ് ധാരണാവില നടപ്പാക്കിയത്. ഓരോ പ്രദേശ ത്തേയും ആധാരത്തിൽ കാണിക്കുന്ന ഏറ്റവും കുറഞ്ഞ വിലയായ ധാരണാവില അതാത് ജില്ലാ രജിസ്ട്രാർമാർകൂടി അംഗീകരിച്ചശേഷം അതിലും കുറച്ച് എഴുതുന്ന ആധാരങ്ങൾ മാത്രമേ അണ്ടർ വാല്യുവേഷൻ നടപടികൾക്ക് അയയ്ക്കേണ്ടതുള്ളൂവെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുമൂലം അഴിമതിയും റവന്യൂ ചോർച്ചയും തടയാൻ ഒരളവുവരെ കഴിഞ്ഞ തായാണ് കഴിഞ്ഞ പത്തുവർഷത്തെ അനുഭവം തെളിയിച്ചിട്ടുള്ളത്. മുദ്രപ്പത്ര നിയമത്തിലെ 28-ാം വകുപ്പ് അനുശാസിക്കുന്നപ്രകാരമുള്ള വിവര ങ്ങൾ ഉൾപ്പെടുത്താത്ത ആധാരങ്ങളാണ് രജിസ്റ്റർ ചെയ്യാതെ മടക്കിയിട്ടുള്ളത്. അനാവശ്യ കാരണങ്ങളാൽ ആധാരം രജിസ്റ്റർ ചെയ്യാതെ മടക്കി അയയ്ക്കു ന്നത് ശ്രദ്ധയിൽപ്പെട്ടാൽ അത് പ്രത്യേകം ഗവൺമെന്റ് പരിശോധിക്കുന്ന താണ്. ഫെയർ വാല്യു സംവിധാനം പ്രാബല്യത്തിൽ വന്നെങ്കിൽ മാത്രമേ പ്രസ്തുത പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ സാധിക്കുകയുള്ളു. ഫെയർ വാല്യു നോട്ടിഫിക്കേഷനിലുണ്ടായ പരാതി പരിഹരിക്കുന്നതിനായി ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സബ്മിഷൻ**

(1) <u>സുബേദാർ പ്രകാശിന്റെ ആശ്രിതർക്കുള്ള ആനുകൂല്യങ്ങൾ</u>

<u>ശ്രീ. കെ. സുധാകരൻ</u> : ജമ്മുവിൽവച്ച് തീവ്രവാദികളുടെ വെടിയേറ്റ് മരിച്ച കണ്ണൂർ ചെറുകുന്ന് കണ്ണപുരത്ത് സുബേദാർ വി.വി.കെ. പ്രകാശിന്റെ

കുടുംബത്തിന് ആനുകൂല്യം കൊടുക്കുന്നതിനും ആശ്രിതർക്ക് ജോലി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : ജമ്മുവിൽവച്ച് തീവ്രവാദികളുടെ വെടിയേറ്റ് മരിച്ച സുബേദാർ വി.വി.കെ. പ്രകാശിന്റെ അനന്തരാവകാശികൾക്ക് മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമനിധിയിൽനിന്നും അടിയന്തിര സഹായമായി 5,000 രൂപ നൽകിയിട്ടുണ്ട്. ആവശ്യമായ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് കൂടുതൽ ധനസഹായം നൽകുന്നതായിരിക്കും. ആശ്രിത നിയമനത്തിന് നിലവിലുള്ള നിയമം അനുസരിച്ചുള്ള അപേക്ഷയും അനുബന്ധ രേഖകളും ഹാജരാക്കിയാൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(2) ആശുപത്രി ജീവനക്കാരുടെ സുരക്ഷിതത്വത്തിന് പ്രത്യേക നിയമ നിർമ്മാണം

ശ്രീ. വി.എൻ. വാസവൻ : ആശുപത്രികൾ തല്ലിത്തകർക്കുകയും ജീവനക്കാരെ ആക്രമിക്കുകയും ചെയ്യുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് പ്രത്യേക നിയമം കൊണ്ടുവരണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സംസ്ഥാനത്തെ ആതുരശുശ്രൂഷാ സ്ഥാപനങ്ങൾക്കും ഡോക്ടർമാർക്കും മറ്റ് ജീവനക്കാർക്കും നേരെയുണ്ടാകുന്ന ആക്രമണങ്ങൾക്കെതിരെ നിയമ നിർമ്മാണം നടത്തുന്നതിനായി സർക്കാർ ആലോചിച്ചുവരികയാണ്. ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായ കേരള ലാ റിഫോംസ് കമ്മീഷൻ പ്രസ്തുത വിഷയം സംബന്ധിച്ച് പഠിക്കുകയുണ്ടായി. വിവിധ തലങ്ങളിൽ വിശദമായ ചർച്ച നടത്തുകയും വിദഗ്ദ്ധൻമാരുടെ

അഭിപ്രായം തേടുകയും ചെയ്തശേഷം നിയമനിർമ്മാണത്തിന്റെ കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

(3) പൾസ് പോളിയോ പ്രചാരണം

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ വെള്ളമുണ്ട പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട പിച്ചൻകോട് എന്ന പ്രദേശത്ത് പൾസ് പോളിയോ പ്രചാരണവുമായി ബന്ധപ്പെട്ടുനടന്ന തെരുവ് നാടകത്തിൽ മുസ്ലീം സമുദായത്തെ അപമാനിക്കുകയും പരാതിപ്പെട്ടവർക്കെതിരെ കള്ളക്കേസെടുക്കുകയും ചെയ്ത ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : ദേശീയ പൾസ് പോളിയോ പ്രോഗ്രാമിന്റെ ഭാഗമായി കുട്ടികൾക്ക് പോളിയോ മരുന്ന് കൊടുക്കാൻ വിമുഖത കാണിക്കുന്ന സ്ഥലങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനായി ആരോഗ്യ വകുപ്പിന്റെ മേൽനോട്ടത്തിൽ സംഘടിപ്പിച്ച നാടകം 31-01-09-ന് വൈകിട്ട് ആറു മണിയോടെ വയനാട് ജില്ലയിലെ പിച്ചൻകോട് എന്ന സ്ഥലത്ത് അവതരിപ്പിച്ചുകൊണ്ടിരിക്കെ കുഞ്ഞിന് പോളിയോ കൊടുക്കാൻ എത്തുന്ന പർദ്ദയണിഞ്ഞ സ്ത്രീ കഥാപാത്രത്തെ കളിയാക്കുന്ന രംഗമുണ്ടെന്ന് ആരോപിച്ച് ഇബ്രാഹിം മൗലവി എന്ന ആളുടെ നേതൃത്വത്തിൽ മുപ്പതോളംപേർ ചേർന്ന് ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരേയും നാടക സംഘത്തിലെ അഞ്ച് അഭിനേതാക്കളേയും ദേഹോപദ്രവമേൽപ്പിക്കുകയും ഔദ്യോഗിക കൃത്യനിർവഹണത്തിന് തടസ്സമുണ്ടാക്കുകയും ചെയ്തു. ഈ സംഭവത്തിൽ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർക്കും നാടക സംഘാംഗങ്ങൾക്കും പരിക്കുപറ്റി. ജില്ലാ

മെഡിക്കൽ ഓഫീസറുടെ പരാതിപ്രകാരം വെള്ളമുണ്ട പോലീസ് സ്റ്റേഷനിൽ ഒരുകേസ് രജിസ്റ്റർ ചെയ്യുകയും ഒന്നാം പ്രതിയായ ഇബ്രാഹിം മൗലവിയെ 20-02-09-ന് അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് പ്രതികളെ അറസ്റ്റു ചെയ്യുന്നതിനുവേണ്ടി പോലീസ് ഊർജ്ജിത അന്വേഷണം നടത്തിവരികയാണ്. നാടകത്തിൽ ഏതെങ്കിലും മത വിഭാഗത്തെ അപമാനിക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിൽ അത് പരിശോധിച്ച് തിരുത്താനാവശ്യമായ നടപടി സ്വീകരിക്കും.

(4) <u>കുടിവെള്ളക്ഷാമം</u>

<u>ശ്രീ. രാജു എബ്രഹാം</u> : ശബരിമല, പമ്പ, നിലയ്ക്കൽ പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ ശുദ്ധജല വിതരണ പദ്ധതികൾ നടപ്പാക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ)</u> : പ്രസ്തുത പ്രദേശങ്ങളിലെ കുടിവെള്ള വിതരണത്തിനുവേണ്ടിയുള്ള ചിറ്റാർ-സീതത്തോട് പദ്ധതിയും 135 ലക്ഷം രൂപ മതിപ്പുചെലവ് പ്രതീക്ഷിക്കുന്ന റാന്നി- പെരുനാട് വിപുലീകരണ പദ്ധതിയും അനുയോജ്യമായ സ്കീമിൽപ്പെടുത്തി നടപ്പിലാക്കാനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

(5) <u>സമഗ്രകുടിവെള്ള പദ്ധതി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ പടിയൂർ, കാട്ടൂർ, പൂമംഗലം എന്നീ പഞ്ചായത്തുകൾക്കുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടത്താൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ)</u> : പ്രസ്തുത കുടിവെള്ള പദ്ധതിയുടെ പ്രിലിമിനറി എഞ്ചിനീയറിംഗ് റിപ്പോർട്ടും പ്രോജക്ട്

റിപ്പോർട്ടും വിശദാംശങ്ങളും തയ്യാറാക്കിയിട്ടുണ്ട്. 270 കിലോമീറ്റർ പൈപ്പ്ലൈൻ വിഭാവനം ചെയ്തിട്ടുള്ളതും ഏകദേശം 20.20 കോടിരൂപ ചെലവ് പ്രതീക്ഷിക്കുന്നതുമായ പ്രസ്തുത പദ്ധതി നബാർഡിന്റെയോ മറ്റേതെങ്കിലും പദ്ധതിയിലോ ഉൾപ്പെടുത്തി ഏറ്റെടുക്കുന്ന കാര്യം സജീവ മായി പരിശോധിക്കുന്നതാണ്.

(6) മലയോര കർഷകരുടെ ഭൂമിയിൽ ജണ്ടയിടൽ

ശ്രീ. ആര്യാടൻ മുഹമ്മദ് : നിലമ്പൂർ നിയോജകമണ്ഡലത്തിലെ പോത്തുകല്ല് പഞ്ചായത്തിൽ മലയോര കർഷകരുടെ ഭൂമിയിൽ ജണ്ടയിടുന്നത് തടയുന്നതിനും കൃഷിക്കാരുടെ പേരിലുള്ള കള്ളക്കേസ്സുകൾ പിൻവലിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) : വനഭൂമിയോട് ചേർന്ന ഭൂമി രജിസ്റ്റർ ചെയ്യുമ്പോൾ വനം വകുപ്പിന്റെ എൻ.ഒ.സി. വേണമെന്ന നിബന്ധനയുണ്ട്. ഒരു പ്രദേശം വനഭൂമിയാണെന്ന് സാക്ഷിപത്രം നൽകണമെങ്കിൽ വനഭൂമിയുടെ അതിര് കൃത്യമായി അറിയു കയും അതിൽ അടയാളങ്ങൾ തീർക്കുകയും വേണം. കൂടാതെ തങ്ങളുടെ കൈവശമുള്ള ഭൂമിയുടെ യഥാർത്ഥ സ്റ്റാറ്റസ് അറിയാനുള്ള അവകാശവും ഉത്തരവാദിത്വവും കൃഷിക്കാർക്കുണ്ട്. വനാതിർത്തി തിട്ടപ്പെടുത്താത്തതി നാൽ കൈയേറ്റക്കാരല്ലാത്തവർക്കും ഇപ്പോൾ നിക്ഷേപപത്രം നൽകാൻ സാധിക്കുന്നില്ല. തർക്കമില്ലാത്ത വനഭൂമിയുടെ അതിരിൽ ജണ്ട കെട്ടാനുള്ള നടപടി അടുത്ത കാലത്ത് നടക്കുകയും അതുമായി ബന്ധപ്പെട്ട് തർക്കങ്ങൾ ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. പരസ്പരമുള്ള ചർച്ചകളിലൂടെ ഈ പ്രശ്നം പരിഹരിക്കുന്നതിനായി ഗവൺമെന്റ് എല്ലാ വിഭാഗത്തിന്റെയും സഹകരണം

പ്രതീക്ഷിക്കുന്നു. തർക്കങ്ങൾ തീർക്കാൻവേണ്ടിയുള്ള ശ്രമങ്ങളുമായി മുന്നോട്ടുപോകുന്നതാണ്. .

(7) കൊല്ലം തുറമുഖത്തിന്റെ അനുബന്ധ പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ബി. രാഘവൻ : കൊല്ലം തുറമുഖത്തിന്റെ പശ്ചാത്തലസൗകര്യങ്ങൾ വർദ്ധിപ്പിച്ച് അനുബന്ധ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : കൊല്ലം തുറമുഖത്തിന്റെ പശ്ചാത്തല സൗകര്യങ്ങൾ പൂർത്തീകരിച്ചിട്ടില്ലെങ്കിലും നിലവിലുള്ള സംവിധാനങ്ങളുപയോഗിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തുറമുഖത്തിന്റെ സുരക്ഷ ക്രമീകരണങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾക്ക് 12.80 കോടിരൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ട്രാൻസിറ്റ് ഷെഡിന്റെ 17% നിർമ്മാണം പൂർത്തീകരിച്ചു. 1.80 കോടിരൂപയുടെ ഡ്രെഡ്ജിംഗ് ജോലികൾക്ക് അനുമതി നൽകിക്കഴിഞ്ഞു. പശ്ചാത്തല സൗകര്യങ്ങൾക്ക് ആവശ്യമായ തുക ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(8) ആദിവാസി കർഷക കുടുംബങ്ങളുടെ ഭൂമിക്ക് കൈവശരേഖ

ശ്രീ. എം.വി. ശ്രേയാംസ്കുമാർ : വയനാട് ജില്ലയിലെ ആദിവാസി കർഷക കുടുംബങ്ങളുടെ ഭൂമിക്ക് കൈവശരേഖ നൽകുന്നതിന് നടപടി സ്വീകരിക്കണം. രേഖകളുടെ അഭാവത്തിൽ വായ്പകളും സർക്കാരിന്റെ മറ്റ്

ധനസഹായങ്ങളും ലഭ്യമാക്കുന്നതിന് താൽക്കാലിക ക്രമീകരണങ്ങൾ ഏർപ്പെടുത്തണം.

റവന്യൂവകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : കേരളത്തിലെ അഞ്ച് ജില്ലകളിലായി 28588 ഹെക്ടർ വനഭൂമി കൈവശം വച്ച് കൃഷിചെയ്തിരുന്ന കർഷകർക്ക് പട്ടയം നൽകുന്നതിനായി സംയുക്ത പരിശോധന നടപടികൾ സ്വീകരിച്ചു വരികയായിരുന്നു. വിതരണം ചെയ്യാനായി കേന്ദ്രാനുമതി ലഭിച്ച അഞ്ച് ജില്ലകളിൽ വയനാട് ജില്ല ഉൾപ്പെട്ടിട്ടില്ല. വയനാടുൾപ്പെടെ കേരളത്തിലെ മറ്റു ജില്ലകളിലെ സംയുക്തപരിശോധന ശുപാർശ കേന്ദ്ര ഗവൺമെന്റിലേയ്ക്ക് സമർപ്പിക്കുന്നതിന് സമയമെടുക്കുമെന്നതുകൊണ്ട് ആനുകൂല്യങ്ങൾ നഷ്ടപ്പെടാതിരിക്കാൻ പഞ്ചായത്ത് പ്രസിഡണ്ട്, വാർഡ് മെമ്പർ എന്നിവരുടെ സാക്ഷിപത്രത്തിന്റെ അടിസ്ഥാനത്തിൽ കൃഷിക്കാർക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിന് വയനാട് ജില്ലാ കളക്ടറുടെ ഒരു ശുപാർശ ലഭിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി രൂപീകരിച്ച വിദഗ്ദ്ധ സമിതി സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ എത്രയുംവേഗം തീരുമാനമെടുക്കാൻ ശ്രമിക്കാം.

## (9) കളമശ്ശേരിയിലെ ടയർ കമ്പനി

ശ്രീ. വി. ഡി. സതീശൻ : കമ്പനി നിയമത്തിനും പട്ടയ നിബന്ധനകൾക്കും വിരുദ്ധമായി കളമശ്ശേരിയിലെ അപ്പോളോ ടയർ മാനുഫാക്ചറിംഗ് കമ്പനി അനധികൃതമായി കൈവശം വച്ചിരിക്കുന്ന സ്ഥലം സർക്കാരിലേയ്ക്ക് തിരിച്ചുപിടിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : നാഷണൽ ഹൈവേയുടെ വീതി കൂട്ടുന്നതിനായി 2.24 ഏക്കർ ഭൂമി അക്വയർ ചെയ്തപ്പോൾ 1.14 കോടി രൂപ അപ്പോളോ ടയേഴ്സിന് നൽകിയതായി പരാതി ലഭിച്ചിട്ടുണ്ട്. കമ്പനി ലോക്കൗട്ട് പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ തൊഴിൽ, വ്യവസായം എന്നീ വകുപ്പുകൾ വിളിച്ചുചേർക്കുന്ന യോഗങ്ങളിൽ പങ്കെടുക്കാതെ തികച്ചും ധിക്കാരപരമായ സമീപനമാണ് കമ്പനി സ്വീകരിച്ചുവരുന്നത്. അർഹതപ്പെടാത്ത തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരിച്ചുപിടിക്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമിയെ സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചതിനുശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(10) തട്ടുപാറ തടയണ പദ്ധതി

ശ്രീ. ബി. ഡി. ദേവസ്സി : ചാലക്കുടി-പരിയാരം-വേലൂർ പ്രദേശങ്ങളിലെ ശുദ്ധജലവിതരണത്തിനും ജലസേചന പദ്ധതികൾക്കും പ്രയോജനപ്രദമാകുന്ന നിർദ്ദിഷ്ട തട്ടുപാറ തടയണ പദ്ധതി റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി എത്രയുംവേഗം യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : തട്ടുപാറ തടയണ പദ്ധതിയുടെ സാധ്യതാ പഠനം നടത്തി വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കാൻ അഡീഷണൽ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിദഗ്ദ്ധ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പദ്ധതിക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

(11) എം. സി. റോഡിലുള്ള ളാപ്പാലം

ശ്രീ. സി. എഫ്. തോമസ് : ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിലെ എം.സി. റോഡിലുള്ള ളാപ്പാലത്തിലെ ഗതാഗത സ്തംഭനം കണക്കിലെടുത്ത് പാലത്തിന്റെ വീതികൂട്ടുന്ന പണി അടിയന്തിരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): കെ.എസ്.ടി. പി.യുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡിന്റെ അപ്ഗ്രഡേഷൻ പണികളിൽ ചങ്ങനാശ്ശേരി മുനിസിപ്പൽ അതിർത്തിയിൽ വരുന്ന ളാപ്പാലം വീതികൂട്ടുന്നതിനുള്ള പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്. നിലവിൽ ഒരു നിരയായി മാത്രമാണ് വാഹനങ്ങൾക്ക് പാലത്തിൽകൂടി പോകാൻ കഴിയുന്നത്. ഗതാഗതകുരുക്ക് ഒഴിവാക്കാൻ മുൻഗണനാക്രമത്തിൽ പാലം പുതുക്കിപ്പണിയുന്നതിനുള്ള നടപടി സ്വകീരിക്കുന്നതാണ്.

(12) ക്വാറി അപകടത്തിൽ മരണമടഞ്ഞവരുടെ കുടുംബങ്ങൾക്കുള്ള സഹായം

ശ്രീ. പള്ളിപ്രം ബാലൻ : പരപ്പ വില്ലേജിലെ വട്ടിപ്പുന്ന ക്വാറി അപകടത്തെത്തുടർന്ന് മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് അടിയന്തിര ധനസഹായം നൽകുകയും തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്താതെ പ്രവർത്തിക്കുന്ന ക്വാറികൾക്ക് അനുവാദം കൊടുത്തവരുടെ പേരിൽ നടപടിയെടുക്കുകയും ചെയ്യണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : പരപ്പ വില്ലേജിലെ വട്ടിപ്പുന്ന ഗ്രാനൈറ്റ് ക്വാറിയിലുണ്ടായ അപകടത്തെത്തുടർന്ന് മൂന്നുപേർ മരണപ്പെടുകയും രണ്ടുപേർക്ക് ഗുരുതരമായ പരിക്കേൽക്കുകയും ചെയ്ത സംഭവത്തെക്കുറിച്ച് അനേഷിക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തൊഴിലാളികളുടെ സുരക്ഷിതത്വത്തിന് മതിയായ മുൻകരുതലുകൾ

എടുക്കാതെയാണ് ക്വാറി പ്രവർത്തിച്ചിരുന്നതെന്നും കരാറുകാരന്റെ ഉത്തരവാദിത്വമില്ലായ്മയും അവഗണനയുമാണ് അപകടത്തിന് കാരണമായതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ പോലീസിനും ജില്ലാ കളക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് 5,000 രൂപ വീതവും പരിക്കേറ്റവർക്ക് ആയിരം രൂപ വീതവും അടിയന്തിര സഹായമായി നൽകിയിട്ടുണ്ട്. കൂടുതൽ ധനസഹായം നൽകുന്ന കാര്യം മന്ത്രിസഭാ യോഗത്തിൽ പരിഗണിക്കുന്നതാണ്.

(13) <u>സ്പോർട്ട്സ് കൗൺസിലിലെ പരിശീലകരുടെ പ്രശ്നങ്ങൾ</u>

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ:</u> കേരള സ്പോർട്ട്സ് കൗൺസിലിൽ പരിശീലകരായി ജോലിചെയ്യുന്നവരെ സ്ഥിരപ്പെടുത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കണം.

നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ)</u>: 2000-ലെ കേരള സ്പോർട്ട്സ് ആക്ട് പ്രാബല്യത്തിൽ വന്നതുകൊണ്ട് സ്പോർട്ട്സ് കൗൺസിലിൽ സ്ഥിര നിയമനങ്ങൾ പി.എസ്.സി. വഴി മാത്രമേ നടത്താൻ സാധിക്കുകയുള്ളൂ. പി.എസ്.സി. നിയമന നടപടികളിൽ കാലതാമസം നേരിടുന്നതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ കരാർ അടിസ്ഥാനത്തിലോ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് നടപടികൾ സ്വീകരിക്കാൻ സ്പോർട്ട്സ് കൗൺസിലിനോട് ആവശ്യപ്പെടുന്നതാണ്.

(14) <u>പ്രാഥമിക കൈത്തറി സംഘങ്ങൾ</u>

<u>ശ്രീ. എൻ ശക്തൻ:</u> തിരുവനന്തപുരം ജില്ലയിലെ പ്രാഥമിക കൈത്തറി സംഘങ്ങൾക്ക് മാർക്കറ്റിംഗ് ഇൻസെന്റീവും കോടതി വിധി അനുകൂലമായിട്ടുള്ള സംഘങ്ങൾക്ക് റിബേറ്റും നൽകാൻ നടപടി സ്വീകരിക്കണം. ഹാന്റെക്സ്, ഹാന്റ്‌വീവ് എന്നീ സ്ഥാപനങ്ങളെ കടക്കെണിയിൽനിന്നും രക്ഷപ്പെടുത്തുന്നതിന് കൈത്തറി മേഖലയ്ക്ക് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നതിൽനിന്നും ആവശ്യമായ തുക നൽകാൻ അടിയന്തിര നടപടികൾ സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി <u>(ശ്രീ. എളമരം കരീം):</u> പ്രാഥമിക കൈത്തറി -നെയ്ത്ത് സഹകരണ സംഘങ്ങൾക്കും ഹാന്റെക്സ്, ഹാന്റ്‌വീവ് എന്നീ സ്ഥാപനങ്ങൾക്കും പ്രോൽസാഹനമെന്ന നിലയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഉൽപ്പന്നവിലയുടെ മൊത്തം 20 ശതമാനം റിബേറ്റ് നൽകിവരുന്നു. 2009-10 സാമ്പത്തിക വർഷത്തിൽ 56 ദിവസത്തെ വിൽപനയ്ക്ക് 10 ശതമാനം റിബേറ്റ് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. കൈത്തറി സംഘങ്ങൾ, ഹാന്റെക്സ്, ഹാന്റ്‌വീവ് എന്നീ സ്ഥാപനങ്ങളുടെ 3 വർഷത്തെ വിൽപനയുടെ ശരാശരി തുകയുടെ 10 ശതമാനം മാർക്കറ്റിംഗ് ഇൻസെന്റീവായി നൽകിവരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കിയിരിക്കുന്ന റിബേറ്റ്, മാർക്കറ്റിംഗ് ഇൻസെന്റീവ് എന്നീ പദ്ധതികളുടെ യഥാർത്ഥ പ്രയോജനം ലഭിക്കുന്നത് ഉപഭോക്താക്കൾക്കാണ്. ഒരേ ആവശ്യങ്ങൾക്ക് രണ്ട് ധനസഹായം നൽകാൻ പാടില്ലാത്തതിനാൽ ഈ കിഴിവ് സർക്കാർ സംരംഭങ്ങൾക്ക് റീ-ഇമ്പേഴ്സ് ചെയ്ത് നൽകുമ്പോൾ ഏതാണോ കൂടുതൽ അത് നൽകാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. മുൻവർഷങ്ങ

ളിലെ റിബേറ്റിൽ അഡ്ജസ്റ്റ് ചെയ്ത് സംഘങ്ങൾക്ക് മാർക്കറ്റിംഗ് ഇൻസെന്റീവ് നൽകാൻ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. പ്രാഥമിക സംഘങ്ങൾ, ഹാന്റെക്സ്, ഹാന്റ്‌വീവ് എന്നീ സ്ഥാപനങ്ങൾക്ക് 2007-08 വരെ നൽകേണ്ട കുടിശ്ശിക നൽകാനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(15) ആയാപ്പറമ്പ്-തിരുവനന്തപുരം ലിമിറ്റഡ് സ്റ്റോപ്പ് സർവ്വീസ്

ശ്രീ. ബി. ബാബുപ്രസാദ് : ഹരിപ്പാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിലവിലുണ്ടായിരുന്ന ആയാപ്പറമ്പ്-തിരുവനന്തപുരം ലിമിറ്റഡ് സ്റ്റോപ്പ് സർവ്വീസ് പുന:സ്ഥാപിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു .ടി. തോമസ്): ആയാപ്പറമ്പ്-തിരുവനന്തപുരം ലിമിറ്റഡ് സ്റ്റോപ്പ് സർവ്വീസ് വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2-1-09 മുതൽ ഫാസ്റ്റ് പാസഞ്ചർ സർവ്വീസാക്കി മാറ്റിയത് യാത്രക്കാർക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട് എന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പുന:പരിശോധിക്കുന്നതാണ്.

(16) 2010-ലെ നാഷണൽ ഗെയിംസ്

ശ്രീ. ബാബു എം. പാലിശ്ശേരി: നാഷണൽ ഗെയിംസിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ സ്ഥലദൗർലഭ്യതയുടെ പേരിൽ നടപ്പാക്കുന്നതിൽനിന്നും പിന്നോട്ടുപോകുന്ന പ്രവണതയ്ക്കെതിരെ അടിയന്തിര നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം.വിജയകുമാർ): നാഷണൽ ഗെയിംസ്

7 കേന്ദ്രങ്ങളിൽ വച്ച് നടത്താനുള്ള അംഗീകാരം ലഭിച്ചതിന്റെ ഭാഗമായി തൃശ്ശൂർ പ്രധാനപ്പെട്ട വേദിയായി മാറിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് 'എ' പ്ളാനും 'ബി' പ്ളാനും തയ്യാറാക്കിയിട്ടുണ്ട്. മൂന്ന് കോടി രൂപ ചെലവഴിച്ച് തൃശ്ശൂരിലെ സ്വിമ്മിംഗ് പൂൾ നവീകരിക്കാൻ ഉദ്ദേശിക്കുന്നു. അവിടെ ഒരു ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് കണ്ടെത്തിയ സ്ഥലം ഔദ്യോഗികമായി ലഭിച്ചാൽ വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിക്കും.

(17) <u>കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി</u>

<u>ശ്രീ. എൻ. അനിരുദ്ധൻ</u>: നഷ്ടത്തിലായ കൊല്ലം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ മെയിന്റനൻസ് നടത്താനും എൻ.സി.ഡി.സി.യുടെ സഹായ ത്തോടെ പ്രവർത്തനക്ഷമമാക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി <u>(ശ്രീ. എളമരം കരീം):</u> 1986-ൽ വ്യാവസായിക ഉൽപ്പാദനം ആരംഭിച്ച കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ 1994 വരെ നാമമാത്ര ലാഭത്തിൽ പ്രവർത്തിച്ചു. ഇതിന്റെ സഞ്ചിത നഷ്ടം 3357.44 ലക്ഷംരൂപയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള കടുത്ത സാമ്പത്തിക അച്ചടക്കംമൂലം മില്ലിന്റെ നഷ്ടം കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഈ മില്ലിൽ 23 വർഷമായി അറ്റകുറ്റപ്പണികളൊന്നുംതന്നെ നടത്തിയിട്ടില്ല. രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലും മിൽ നിലനിർത്തുന്നതിനുവേണ്ടി അത്യാവശ്യം വേണ്ടുന്ന അറ്റകുറ്റപ്പണികൾ നടത്തി ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. തൊഴിലാളികളുടെ കുറവ് നികത്തുന്നതിനായി പുതിയ ട്രെയിനികളെ നിയമിച്ച് പരിശീലനം

നൽകിവരുന്നു. ഈ മിൽ നവീകരിക്കുന്നതിന് 44.38 കോടിരൂപയുടെ ഒരു പദ്ധതി എൻ.സി.ഡി.സി.ക്ക് സമർപ്പിക്കുന്നതിനുവേണ്ടി സർക്കാരിന് ലഭിച്ചിട്ടുണ്ട്. മില്ലിനെ പ്രതിസന്ധിയിൽ നിന്ന് രക്ഷിക്കാൻ 2008 സെപ്റ്റംബർ വരെ 329.16 ലക്ഷംരൂപ നൽകിയിട്ടുണ്ട്. വൈദ്യുതി ചാർജ് കൃത്യമായി അടയ്ക്കുന്നുണ്ട്. മില്ലിന്റെ നവീകരണപ്രവർത്തനങ്ങൾക്കും അത്യാവശ്യ അറ്റകുറ്റ പ്പണികൾക്കുമായി 109.9 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(18) അഗ്രിക്കൾച്ചറൽ മാർക്കറ്റ്

ശ്രീ. സി.എം. ദിനേശ് മണി: എറണാകുളം ജില്ലയിലെ മരട് പഞ്ചായത്തിൽ ഇ.ഇ.സി.യുടെ സഹായത്തോടെ ആരംഭിച്ച മൊത്ത വ്യാപാര മാർക്കറ്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : കാർഷിക വിപണന രംഗത്ത് നിലനിൽക്കുന്ന ചൂഷണം, ഇടത്തട്ടുകാരുടെ ഇടപെടൽ തുടങ്ങിയവ ഒഴിവാക്കി കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ യൂറോപ്യൻ യൂണിയൻ സാമ്പത്തിക സമൂഹത്തിന്റെ സഹായത്തോടെ ആരംഭിച്ച മരട് മാർക്കറ്റിൽ കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ തരംതിരിച്ച് ലേലം ചെയ്യുവാനുള്ള ആധുനിക സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇ.ഇ.സി. മാർക്കറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് 11-12-2008-ൽ ഒരു യോഗം കൂടുകയും സംസ്ഥാനത്തെ 6 ഇ.ഇ.സി. മാർക്കറ്റുകളുടെ പ്രവർത്തനത്തെ ബന്ധിപ്പിക്കുന്നതിനായി സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ അപ്പെക്സ് ബോഡി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇ.ഇ.സി. മാർക്കറ്റു

കളുടെ പ്രവർത്തനത്തിന് ഒഴിവുള്ള തസ്തികകളിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും കോൾഡ് സ്റ്റോറേജിന്റേയും ബാക്ക്ഹൗസിന്റേയും നിർമ്മാണത്തിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(19) കോഴിക്കോട് മെഡിക്കൽ കോളേജിൽ സ്പെക്ടഗാമ ക്യാമറ

ശ്രീ. എ. പ്രദീപ് കുമാർ: കോഴിക്കോട് മെഡിക്കൽ കോളേജിൽ കാൻസർ, വൃക്കരോഗം, പിത്താശയരോഗം എന്നിവയുടെ രോഗനിർണ്ണയത്തിനുള്ള സ്പെക്ടഗാമ ക്യാമറ ആശുപത്രി വികസന സമിതിയുടെ ഫണ്ട് ഉപയോഗിച്ച് സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ ന്യൂക്ലിയർ മെഡിസിൻ വകുപ്പിലേയ്ക്ക് ഏകദേശം 95 ലക്ഷം രൂപ ചെലവഴിച്ച് സ്പെക്ടഗാമ ക്യാമറ വാങ്ങുന്നതിനുള്ള ശുപാർശ കോഴിക്കോട് ജില്ലാകളക്ടർ ഗവൺമെന്റിന്റെ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ന്യൂക്ലിയർ മെഡിസിൻ ഡിപ്പാർട്ടുമെന്റിലേയ്ക്ക് നേരത്തേ വാങ്ങിയ ഒരു ഗാമക്യാമറ പ്രവർത്തനരഹിതമാണെന്നും സമാനമായ മറ്റൊരു ഉപകരണം കൂടി വാങ്ങുന്നത് സംബന്ധിച്ച് വിശദമായ പരിശോധന ആവശ്യമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗാമ ക്യാമറ റിപ്പെയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള സാധ്യതയും ടി.പി. അക്കൗണ്ടിൽ ഇപ്പോൾ ലഭ്യമായ തുകയുടെ വിശദാംശങ്ങളും സംബന്ധിച്ച് കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിൽനിന്നും റിപ്പോർട്ട് ലഭ്യമായശേഷം ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

**ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

അദർ ഡിസ്ട്രിക്ട് റോഡുകൾ, ഗ്രാമീണ റോഡുകൾ തുടങ്ങിയവ ഏറ്റെടുക്കൽ

സംസ്ഥാനത്തെ അദർ ഡിസ്ട്രിക്ട് റോഡുകൾ, ഗ്രാമീണ റോഡുകൾ തുടങ്ങിയവ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നത് സംബന്ധിച്ച് മരാമത്ത് വകുപ്പുമന്ത്രി ശ്രീ. മോൻസ് ജോസഫ് ചട്ടം 300 അനുസരിച്ച് ഒരു പ്രസ്താവന നടത്തി.

**ധനകാര്യം**

2008-2009 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും

2008-09 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട മന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

ശ്രീ. എം.എ. വാഹീദ്: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. പദ്ധതിയേതര ചെലവുകൾക്ക് 1494.26 കോടിരൂപയും പദ്ധതി ചെലവുകൾക്ക് 893 കോടിരൂപയുമാണ് ചെലവായിട്ടുള്ളത്. ഈ തുകയിൽ പദ്ധതി ചെലവുകൾ കുറയുകയും പദ്ധതിയേതര ചെലവുകൾ വർദ്ധിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഉപധനാഭ്യർത്ഥനകൾ പരിശോധിച്ചാൽ മൂലധന നിക്ഷേപവും മൂലധന ചെലവും കുറവായിരിക്കുന്നു. ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നതിനും അവരുടെ ക്ഷേമകാര്യങ്ങൾക്കും സർക്കാരിന്റെ പ്രവർത്തനങ്ങളുടെ വ്യാജ പരസ്യങ്ങൾക്കുമാണ് തുക

കൂടുതലും ചെലവഴിച്ചിട്ടുള്ളത്. മൂന്നാർ ദൗത്യംകൊണ്ട് സർക്കാരിനോ ജനങ്ങൾക്കോ യാതൊരു നേട്ടവും ഉണ്ടായിട്ടില്ല. ടാറ്റാ കമ്പനിയുടെ കൈവശമുണ്ടെന്നു പറഞ്ഞ അൻപതിനായിരം ഏക്കർ സ്ഥലം തിരികെ പിടിക്കാൻ ദൗത്യസംഘത്തെ നിയോഗിച്ചതിന് ഖജനാവിൽനിന്ന് ധാരാളം തുക ചെലവായി. അവരിൽനിന്ന് ഭൂമി പിടിച്ചെടുക്കാൻ കഴിയാത്തതുകൊണ്ട് സർക്കാരിന്റെ കൈവശം ഉണ്ടായിരുന്ന ഭൂമി പിടിച്ചെടുത്ത ഭൂമിയാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് വിതരണം ചെയ്യുന്നതിന് പരസ്യം കൊടുക്കാൻ ധാരാളം തുക ചെലവായിട്ടുണ്ട്. ഗുണ്ടാനിയമം നടപ്പിലാക്കുന്നതിനും ധാരാളം തുക ചെലവായിട്ടുണ്ട്. ഗുണ്ടാനിയമം വന്നതോടുകൂടി തലസ്ഥാനനഗരിയിൽ കൊലപാതകം വർദ്ധിച്ചിരിക്കുകയാണ്. ഈ നിയമംകൊണ്ട് ജനങ്ങൾക്ക് യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ല. നിത്യോപയോഗ സാധനങ്ങളുടെ വില കുതിച്ചുയരുന്ന സാഹചര്യത്തിൽ വിലനിലവാരം പിടിച്ചു നിറുത്തുന്നതിന് സപ്ലിമെന്ററി ഗ്രാന്റിലൂടെ നീക്കിവച്ച 75 കോടിരൂപകൊണ്ട് സാധാരണക്കാരായ ജനങ്ങൾക്ക് യാതൊരുവിധ പ്രയോജനവും ലഭിച്ചിട്ടില്ല. പൊതു കമ്പോളത്തിൽ 21 രൂപയ്ക്കും 24 രൂപയ്ക്കും അരി ലഭിക്കുമ്പോൾ 14 രൂപയ്ക്ക് സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി കൊടുക്കാൻ തീരുമാനിച്ചത് മഹത്കാര്യമായി കാണിച്ച് പരസ്യം നൽകി സർക്കാർ ഖജനാവിലെ പണം അനാവശ്യമായി ചെലവഴിക്കുകയാണ് ചെയ്യുന്നത്. ശരീയത്ത്-നെ ചൊല്ലി മുസ്ലീം ജനവിഭാഗത്തെ ആക്ഷേപിച്ചവർ വരാൻ പോകുന്ന പാർലമെന്റ് തെരഞ്ഞെടുപ്പ് ലക്ഷ്യം വച്ചുകൊണ്ട് അവർക്കുവേണ്ടി പ്രഖ്യാപനങ്ങൾ നടത്തുകയാണ്. ഭൂമി ലഭ്യമല്ലാത്തതിനാലും താമസിക്കുന്ന ഭൂമിക്ക് രേഖ കിട്ടാത്തതിനാലും ഐ.എ.വൈ., ജെ.എൻ.എൻ.യു.ആർ.എം., മൽസ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി തുടങ്ങി കേന്ദ്രാവിഷ്ക്കൃത പദ്ധതിക

ളുടെ ഭാഗമായുള്ള പതിനായിരക്കണക്കിന് വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ മുടങ്ങിക്കിടക്കുമ്പോഴാണ് ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിക്ക് തുക മാറ്റിവയ്ക്കുന്നത്. പ്രസ്തുത കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കാൻ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കണം. സർക്കാർ ജീവനക്കാരുടെ റിട്ടയർമെന്റ് തീയതി സാമ്പത്തിക വർഷാവസാനത്തേയ്ക്ക് മാറ്റുമ്പോൾ അഭ്യസ്തവിദ്യരായ ധാരാളം ചെറുപ്പക്കാരുടെ തൊഴിലവസരങ്ങളും സർവ്വീസിലുള്ളവരുടെ പ്രൊമോഷൻ സാധ്യതകളും നഷ്ടപ്പെടും. പൊള്ളയായ വാഗ്ദാനങ്ങൾ മാത്രമാണ് ഈ ബഡ്ജറ്റിലുള്ളത്.

<u>ശ്രീ. എ.എം. ആരിഫ്:</u> ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഒരു കാലത്ത് ഇൻഡ്യ മുഴുവൻ നിറഞ്ഞുനിന്നിരുന്ന കോൺഗ്രസ്സ് പ്രസ്ഥാനം ഇപ്പോൾ തെരഞ്ഞെടുപ്പുകളിൽ സീറ്റിനുവേണ്ടി പ്രാദേശിക പാർട്ടികളുടെ ഔദാര്യത്തിന് കൈനീട്ടുന്ന അവസ്ഥയിലെത്തിയിരിക്കുന്നു. അത്തരമൊരു പാർട്ടിയുടെ നേതാക്കൾ കമ്മ്യൂണിസത്തിന്റെ വളർച്ച-തളർച്ചയെക്കുറിച്ച് ഉൽക്കണ്ഠാകുലരാകുന്നത് ലജ്ജാകരമാണ്. ഈ ഗവൺമെന്റ് സംസ്ഥാനത്ത് ചെയ്ത കാര്യങ്ങൾ പരസ്യങ്ങളിലൂടെ ജനങ്ങളിലേയ്ക്കെത്തിക്കുമ്പോൾ കേന്ദ്ര ഗവൺമെന്റ് അവകാശപ്പെടാനില്ലാത്ത കാര്യങ്ങൾക്കുവേണ്ടി പരസ്യങ്ങൾ നൽകാനാണ് ഖജനാവിലെ പണം വിനിയോഗിക്കുന്നത്. ആഗോള സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്തുകൊണ്ടാണ് സംസ്ഥാന സർക്കാർ വരവ് ചെലവുകൾക്ക് രൂപം നൽകിയിരിക്കുന്നത്. ഭരണപ്രതിപക്ഷഭേദമെന്യേ സംസ്ഥാനത്തെ മുഴുവൻ മണ്ഡലങ്ങളിലെയും വികസന പ്രവർത്തനങ്ങൾക്കായി ഈ ഗവൺമെന്റ് തുക നീക്കിവച്ചു. ലോകം ഇന്ന് അഭിമുഖീകരിക്കുന്ന ആഗോള സാമ്പത്തിക പ്രതിസന്ധി

യിൽനിന്നും രക്ഷപ്പെടാനുള്ള മാർഗ്ഗമാണ് ഓരോ ഗവൺമെന്റും ആലോചിച്ചു കൊണ്ടിരിക്കുന്നത്. ആഗോള സാമ്പത്തിക പ്രതിസന്ധിയെ സംബന്ധിച്ച് ചർച്ച ചെയ്യാനും അതിനെ മറികടക്കാനുംവേണ്ടി ഐക്യരാഷ്ട്രസഭ രൂപം നൽകിയ സമിതിയിലെ ആദ്യത്തെ നാല് പേരിൽ ഒരാളായി പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ ഡോ.പ്രഭാത് പട്നായികിനെ ഉൾപ്പെടുത്തിയ തിലൂടെ ഇടതുപക്ഷ ബദൽ സാധ്യതകൾ ലോകംപോലും ആരായുന്നതിന്റെ തെളിവാണ് ദൃശ്യമാകുന്നത്. കേന്ദ്ര സർക്കാർ കേരളത്തിന്റെ അരിവിഹിതം കുറച്ച സാഹചര്യത്തിൽ സാധാരണക്കാർക്ക് അരി ലഭ്യമാക്കിയ ഗവൺമെന്റാണിത്. 2009-10-ലെ ബഡ്ജറ്റിൽ ദരിദ്ര വിഭാഗങ്ങൾക്ക് രണ്ട് രൂപയ്ക്ക് അരി നൽകുമെന്ന് പ്രഖ്യാപിച്ചു. കേന്ദ്ര ഗവൺമെന്റ് 19 ലക്ഷം ടൺ അരി അനുവദിച്ചിട്ടുണ്ടെന്ന് പറയുന്നുണ്ടെങ്കിലും ഇത് സംബന്ധിച്ച് ഭക്ഷ്യ വകുപ്പുമന്ത്രിക്ക് യാതൊരു അറിയിപ്പും ലഭിച്ചിട്ടില്ല. രാജ്യം അഭിമുഖീ കരിക്കുന്ന പ്രധാന പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യാതെ ലാവ്‌ലിൻ എന്ന പൊള്ളയായ പ്രശ്നത്തിൽ ഊന്നിനിൽക്കുകയാണ് പ്രതിപക്ഷം. ജനങ്ങളുടെ പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും പരിഹാരം കാണുന്ന ഒരു ഗവൺമെന്റാണിത്.

<u>പ്രൊഫ. എൻ. ജയരാജ്</u> : ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ബഡ്ജറ്റിൽ അനുവദിക്കുന്ന പണം പോലും ചെലവഴിക്കാൻ കഴിയാത്ത സാഹചര്യമാണ് സംസ്ഥാനത്തുള്ളത്. പ്രഖ്യാപിച്ച പദ്ധതികളൊന്നുംതന്നെ ആരംഭിക്കാതെയും ആരംഭിച്ച പദ്ധതികൾ പൂർത്തിയാകാതെയും കിടക്കു കയാണ്. 2008-09-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കാര്യങ്ങളെല്ലാം കേവലം പ്രഖ്യാപനങ്ങൾ മാത്രമായി അവശേഷിക്കുകയാണ്. ധനകാര്യ വകുപ്പുമന്ത്രി

ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപധനാഭ്യർത്ഥനയിൽ 1494 കോടിരൂപ പദ്ധതി യേതര ചെലവുകൾക്കും 893 കോടിരൂപ പദ്ധതി ചെലവുകൾക്കുമായി നീക്കിവച്ചിരിക്കുന്നു. ധനകാര്യ വകുപ്പുമന്ത്രിമാരിൽ ഭൂരിപക്ഷവും പദ്ധതി യേതര ചെലവുകൾക്കുവേണ്ടിയാണ് കൂടുതൽ തുക നീക്കിവയ്ക്കുന്നത്. ക്യാപിറ്റൽ ഫോർമേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ നാമമാത്രമായ പണം മാത്രമേ ചെലവാക്കിയിട്ടുള്ളൂ. നമ്മുടെ വർക്ക്ഫോഴ്സിനെ കാര്യക്ഷമമായി ഉപയോഗിക്കാനും ഡിപ്ലോയ്മെന്റ് പൂർണ്ണമായി നടപ്പിലാക്കാനും കഴിയണം. കൺസെഷൻ ആനുകൂല്യങ്ങൾ സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർക്കു തന്നെയാണ് ലഭിക്കുന്നതെന്ന് ഉറപ്പുവരുത്തണം. പുതിയ പദ്ധതികൾ കണ്ടെ ത്തുന്നതോടൊപ്പം നിലവിലുള്ള വിഭവങ്ങൾ കാര്യക്ഷമമായി ഉപയോഗിക്കാ നുള്ള കാഴ്ചപ്പാടുണ്ടാകണം. ഗവൺമെന്റ് എക്സ്പെൻഡിച്ചറുകൾക്ക് ആഡിറ്റ് സംവിധാനം നടപ്പാക്കണം. ആഡംബരങ്ങൾ നിയന്ത്രിക്കുന്നതിനും വികസനോന്മുഖമായ പദ്ധതികൾക്കായി പണം ചെലവഴിക്കാനുള്ള ഇച്ഛാശക്തിയുമുണ്ടാകണം. കഴിഞ്ഞ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങളൊന്നും തന്നെ നടപ്പാക്കിയിട്ടില്ല. ധനവകുപ്പിന്റെ മുമ്പിലെത്തുന്ന ഫയലുകളുടെ എണ്ണം കുറയ്ക്കുമെന്ന് പറഞ്ഞിരുന്നെങ്കിലും അത് നടപ്പായിട്ടില്ല. പദ്ധതി നിർവ്വഹണത്തിനായി പഞ്ചായത്തുകളിലേയ്ക്ക് ജീവനക്കാരെ പുനർവിന്യസി ക്കുന്നതിന് കഴിഞ്ഞിട്ടില്ല. എഞ്ചിനീയർമാരുടേയും വി.ഇ.ഒ.-മാരുടേയും അഭാവം പദ്ധതി നിർവ്വഹണത്തിന് തടസ്സമായതിനാൽ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കണം. 40 ശതമാനം ബഡ്ജറ്റ് വിഹിതം ത്രിതല പഞ്ചായ ത്തുകൾക്ക് കൈമാറുമ്പോൾ അത് ആവശ്യാനുസരണം വിനിയോഗിക്കാ നുള്ള സംവിധാനംകൂടി ഉണ്ടാക്കണം. ആശ്രയ പദ്ധതി എല്ലാ പഞ്ചായത്തുക ളിലും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുവേണ്ടി

ലഭിച്ച തുകയിൽ 30 ശതമാനം മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ. കഴിഞ്ഞ തവണ വകയിരുത്തിയിരുന്ന തുക മുഴുവൻ ചെലവഴിക്കാത്ത സാഹചര്യത്തിൽ വികസനോന്മുഖ ചെലവുകൾക്കല്ലാതെ വീണ്ടും ഉപധനാഭ്യർത്ഥനകൾ അവതരിപ്പിക്കുന്നതിനെ അനുകൂലിക്കാൻ കഴിയുകയില്ല. പൊൻകുന്നത്ത് അനുവദിച്ച മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണത്തിൽ അനുഭാവപൂർവ്വമായ സമീപനമുണ്ടാകണം. വിഷൻ 2010 പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി കൂടുതൽ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തുകൊണ്ട് പി.ഡബ്ല്യ്യു.ഡി. ആർക്കിടെക്ചറൽ വിംഗിനെ ശക്തിപ്പെടുത്തണം.

<u>ശ്രീ. എ.കെ. ചന്ദ്രൻ:</u> ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. ജനങ്ങളുടെമേൽ കൂടുതൽ ഭാരം അടിച്ചേൽപ്പിക്കാതെ നികുതി വരുമാനം വർദ്ധിപ്പിക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. സമസ്ത മേഖലകളിലേയും ജനങ്ങൾക്ക് ആശ്വാസം നൽകുന്ന പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കാർഷിക മേഖലയെ പുനരുദ്ധരിക്കാനും പതിനാറായിരത്തിലധികം ഹെക്ടർ സ്ഥലത്ത് കൂടുതൽ കൃഷിയിറക്കുന്നതിനും കഴിഞ്ഞു. നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിച്ച് ലാഭത്തിലാക്കാനും കൂടുതൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കാനും സാധിച്ചു. വിലക്കയറ്റം പിടിച്ചുനിർത്താനെടുത്ത നടപടികൾ സ്വാഗതാർഹമാണ്. എല്ലാ മേഖലയിലും സ്തുത്യർഹമായ സേവനം നടത്തിക്കൊണ്ടാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. എല്ലാ ക്ഷേമപെൻഷനുകളുടേയും കുടിശ്ശിക കൊടുത്തുതീർക്കുകയും പെൻഷൻ തുക 250 രൂപയായി വർദ്ധിപ്പിക്കുകയും പെൻഷനുകളൊന്നും ലഭിക്കാത്ത 65 വയസ്സ് കഴിഞ്ഞ എല്ലാ ദരിദ്രർക്കും പ്രതിമാസം 100 രൂപ പെൻഷൻ അനുവദിക്കുകയും

ചെയ്തത് ശ്ലാഘനീയമാണ്. റോഡുകളുടേയും പാലങ്ങളുടേയും വികസന പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തിയ ഈ ഗവൺമെന്റ് ജനസേവന രംഗത്തും വികസനരംഗത്തും വളരെയധികം മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി:</u> ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ബഡ്ജറ്റിൽ പ്രഖ്യാപിക്കാത്ത കാര്യങ്ങൾക്കായി പണം ചെലവഴിക്കുന്നതിന് ഉപധനാഭ്യർത്ഥനകൾ കൊണ്ടുവരുന്നത് ശരിയല്ല. ത്രിതല പഞ്ചായത്തുകളുടെ പദ്ധതി നടത്തിപ്പ് പരിതാപകരമാണ്. 40 ശതമാനം തുക മാത്രമാണ് ഇതുവരെ ചെലവഴിച്ചിട്ടുള്ളത്. സാമ്പത്തിക വർഷത്തിന്റെ തുടക്കം മുതൽ തന്നെ തുക ചെലവഴിക്കാനുള്ള നടപടിയുണ്ടാകണം. മെഡിക്കൽ, എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള സ്വാശ്രയ വിദ്യാഭ്യാസ മേഖലകൾ വളരെയേറെ കച്ചവടവൽക്കരിക്കപ്പെട്ടിരിക്കുന്നു. സഹകരണ വകുപ്പിന്റെ കീഴിൽ ആരംഭിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽപ്പോലും ഫീസ് വർദ്ധിപ്പിച്ചു. സർവ്വ ശിക്ഷ അഭിയാൻ പദ്ധതിക്കുവേണ്ടി കേന്ദ്രത്തിൽ നിന്നും ലഭിച്ച ഫണ്ടിൽനിന്നും ഒരു പൈസപോലും പിന്നോക്ക വിദ്യാഭ്യാസ ക്ഷേമത്തിനായി മാറ്റിവയ്ക്കുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ല. പ്രധാനമന്ത്രിയുടെ പതിനഞ്ചിന പരിപാടികൾപോലും സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലേയും പാലോളി കമ്മിറ്റി റിപ്പോർട്ടിലേയും ശുപാർശകൾ പൂർണ്ണമായി നടപ്പിലാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. വിദേശത്തുനിന്നും മടങ്ങിവരുന്നവരെ സൗജന്യമായി പുനരധിവസിപ്പിക്കുന്നതിനുള്ള നടപടിയുണ്ടാകണം. മദ്രസ അധ്യാപകർക്കുള്ള പെൻഷൻ പദ്ധതി ജനങ്ങളെ കബളിപ്പിക്കുന്നതാണ്.

പൊട്ടിപ്പൊളിഞ്ഞു കിടക്കുന്ന റോഡുകൾ നന്നാക്കാൻ എത്രയും പെട്ടെന്ന് നടപടികൾ സ്വീകരിക്കണം.

ശ്രീമതി പി. അയിഷാ പോറ്റി : ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി വിവിധ വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്ന ഒരു ഗവൺമെന്റാണിത്. കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിനുള്ള അരിവിഹിതം വെട്ടിക്കുറച്ചിട്ടുപോലും സംസ്ഥാനത്തെ ബി.പി.എൽ. കുടുംബങ്ങൾക്ക് രണ്ടുരൂപ നിരക്കിൽ അരി വിതരണം ചെയ്യുന്നതിനും വിവിധ ക്ഷേമ പെൻഷനുകൾ 250 രൂപയായി വർദ്ധിപ്പിക്കുന്നതിനും തീരുമാനിച്ചു. കേന്ദ്രത്തിൽനിന്നും സർവ്വശിക്ഷ അഭിയാൻ പദ്ധതിക്കുവേണ്ടി 2008-09-ൽ അനുവദിച്ച 100 ശതമാനം തുകയും ചെലവഴിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. സമ്പൂർണ്ണ പാർപ്പിട പദ്ധതിയിൽ ഉൾപ്പെടുത്തി വീടില്ലാത്ത മുഴുവൻ ആളുകൾക്കും വീട് നിർമ്മിച്ചു കൊടുക്കുന്ന നടപടി സ്വാഗതാർഹമാണ്. ദീർഘകാലമായി കഷ്ടതയനുഭവിക്കുന്ന ജനങ്ങൾക്ക് വീട് ലഭ്യമാക്കിയെന്ന് മാത്രമല്ല, വിവിധ മേഖലകളിൽപ്പെട്ട തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തു. സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ ജനങ്ങൾക്ക് കിട്ടുന്നുണ്ടെന്ന് ഉറപ്പാക്കി. ബി.പി.എൽ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് 30 രൂപ പ്രീമിയം അടച്ച് 30,000 രൂപ ലഭ്യമാക്കുന്ന സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ പോകുകയാണ്. വൈദ്യുതി മേഖലയിൽ 2001 മുതൽ കുടിശ്ശികയുണ്ടായിരുന്ന ഗാർഹിക കണക്ഷനടക്കം കൊടുത്തു തീർത്തു. ലോഡ്ഷെഡ്ഡിംഗിന്റെ സമയം കുറയ്ക്കാനും വൈദ്യുതി മോഷണത്തിനെതിരെ ശക്തമായ നടപടി സ്വീകരിക്കാനും സാധിച്ചു. വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന് ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. തദ്ദേശഭരണ

സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തി. ട്രഷറി പൂട്ടിക്കിടക്കുന്ന അവസ്ഥയ്ക്ക് മാറ്റംവന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കുന്ന മുഴുവൻ തുകയും ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ ഗൈഡ്ലൈൻസ് തയ്യാറാക്കിക്കൊടുത്തു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തേക്കാൾ നികുതി വരുമാനം വർദ്ധിപ്പിക്കാൻ സാധിച്ചു. സംസ്ഥാനത്തൊട്ടാകെ അനവധി വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

ശ്രീ. എ.എ. അസീസ് : ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാന ഗവൺമെന്റിന്റെ വികസന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തണം. സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്ന ഫയലുകളിൽ എത്രയും വേഗത്തിൽ തീർപ്പുണ്ടാക്കണം. പി.ഡബ്ല്യു.ഡി. മാനുവൽ പരിഷ്കരിക്കുകയും എസ്റ്റിമേറ്റ് തുകയുടെ 20 ശതമാനം ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്യണം. റീസർവ്വേ ജോലികൾ പൂർത്തിയാക്കിയ പ്രദേശങ്ങളിലെ അർഹതയുള്ള എല്ലാവർക്കും പട്ടയം നൽകാനാവശ്യമായ നടപടി സ്വീകരിക്കണം. അൺഎയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പരീക്ഷ എഴുതുന്നതിന് അനുവാദം കൊടുക്കണം. അഡ്മിനിസ്ട്രേറ്റീവ് കേഡർ, സ്പെഷ്യാലിറ്റി കേഡർ ഇവ രൂപീകരിച്ച് ആരോഗ്യ വകുപ്പിനെ ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തണം. ഭവന നിർമ്മാണ പദ്ധതി പ്രകാരം വീടു വയ്ക്കാൻ കൊടുക്കുന്ന ധനസഹായം ഒരു ലക്ഷം രൂപയായി ഉയർത്തണം. പാലക്കാട്, ആലപ്പുഴ, തൃശൂർ എന്നിവിടങ്ങളിൽനിന്നും കിലോയ്ക്ക് 11 രൂപ നിരക്കിൽ നെല്ല് സംഭരിച്ചതുപോലെ മറ്റ് ജില്ലകളിൽ നിന്നും നെല്ല് സംഭരിക്കാൻ സംവിധാനം ഉണ്ടാക്കണം. പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തി നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കണം. ഓണക്കാലത്ത് പൊതുവിപണിയിൽനിന്നും

കിലോയ്ക്ക് 22 രൂപാ നിരക്കിൽ അരി വാങ്ങിച്ച് 14 രൂപയ്ക്ക് വിതരണം ചെയ്തു. വിവിധ ക്ഷേമ പെൻഷനുകളുടെ കുടിശ്ശികയായ 686 കോടിരൂപ ഓണത്തിനുമുമ്പ് വിതരണം ചെയ്തു. പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പോലീസുകാരുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള നടപടിയുണ്ടാകണം. സമ്പൂർണ്ണ വൈദ്യുതി പദ്ധതി നടപ്പിലാക്കുന്നതിന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ തുക വകയിരുത്തണം. ഫോട്ടോ പതിച്ച പുതിയ റേഷൻ കാർഡിന്റെ വിതരണം ത്വരിതപ്പെടുത്തണം. എം.എൽ.എ. മാരുടെ നിർദ്ദേശംകൂടി കണക്കിലെടുത്തുകൊണ്ട് ലാഭകരമായ ബസ് റൂട്ടുകൾ നിലനിർത്തണം.

<u>ശ്രീ. അൽഫോൺസ് കണ്ണന്താനം :</u> ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാമ്പത്തികമാന്ദ്യം ലോകത്തെയാകെ ബാധിച്ചുക്കൊണ്ടിരിക്കുമ്പോൾ രാജ്യത്ത് വ്യവസായം വളരണമെങ്കിൽ ബാങ്കിൽനിന്നും പണം കിട്ടാനുള്ള അവസ്ഥയുണ്ടാകണം. എന്നാൽ ബാങ്കുകളിൽ ഇപ്പോൾ ആവശ്യത്തിന് പണമുണ്ടെങ്കിലും പലിശ നിരക്ക് കൂടുതലായതിനാൽ ആരും ലോൺ എടുക്കാൻ തയ്യാറാകുന്നില്ല. ആഗോള നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ത്യയിലെ ബാങ്കുകളുടെ പലിശ നിരക്ക് വളരെ കൂടുതലാണ്. ഇന്ത്യയിലെ ലെൻഡിംഗ് റേറ്റ് 13 മുതൽ 14 ശതമാനം വരെയാണ്. ഇന്ത്യയിലെ ഡെപ്പോസിറ്റ് റേറ്റും വളരെ കൂടുതലാണ്. 1969-ലെ ഇന്ത്യൻ ബാങ്കിംഗ് റെഗുലേഷൻ ആക്ട് അനുസരിച്ച് റിസർവ്വ് ബാങ്കിന് ലെൻഡിംഗ് റേറ്റും ഡെപ്പോസിറ്റ് റേറ്റും നിയന്ത്രിക്കാനുള്ള അവകാശമുണ്ട്. ആ അധികാരം ഉപയോഗിച്ചുകൊണ്ട് വിലക്കയറ്റം എത്ര ശതമാനമാണോ അതുമായി ഡെപ്പോസിറ്റ് റേറ്റ് ലിങ്ക് ചെയ്യാൻ സാധിക്കണം. മൂന്ന് ശതമാനമാണ് വിലക്കയറ്റമെങ്കിൽ ഡെപ്പോസിറ്റ് റേറ്റ് അതിനേക്കാൾ ഒരു

ശതമാനം കൂട്ടി നാല് ശതമാനത്തിൽ ഫിക്സ് ചെയ്യണം. മാത്രമല്ല, ബാങ്കുകളുടെ അഡ്മിനിസ്ട്രേറ്റീവ് കോസ്റ്റ് മൂന്ന് ശതമാനത്തിൽനിന്ന് രണ്ട് ശതമാനം ആക്കുകയാണെങ്കിൽ 6 ശതമാനം പലിശ നിരക്കിൽ ബാങ്കുകൾക്ക് ലെന്റ് ചെയ്യാൻ സാധിക്കും. ഈ ഫോർമുല നടപ്പിലാക്കുകയാണെങ്കിൽ വ്യവസായങ്ങൾക്ക് കുറഞ്ഞ പലിശയ്ക്ക് പണം കടമെടുക്കാനും അതുവഴി പുതിയ വ്യവസായങ്ങൾ തുടങ്ങാനും നിലവിലുള്ള വ്യവസായങ്ങൾ വിപുലീകരിക്കാനും സാധിക്കും. സംസ്ഥാനത്തിന്റെ റവന്യൂ കമ്മി കൂടുതലാണ്. മറ്റ് സംസ്ഥാനങ്ങൾ പണമെല്ലാം ഇന്ത്യാ ഗവൺമെന്റിന്റെ ബോണ്ടുകളിൽ നിക്ഷേപിക്കുന്നതുവഴി 7 ശതമാനം പലിശ ലഭിക്കുന്നു. പക്ഷേ പുതിയ സാമ്പത്തിക ശാസ്ത്രമനുസരിച്ച് കൂടുതൽ പണം മുടക്കിയാൽ ജനങ്ങളുടെ പർച്ചേസിംഗ് പവർ വർദ്ധിക്കും, ഡിമാന്റ് കൂടും, ഉല്പാദനം വർദ്ധിക്കും, അതുവഴി കൂടുതൽ പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്യും. ഈ പുതിയ തിയറി നടപ്പാക്കുന്നതിലൂടെ നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തിൽനിന്ന് പുറത്തുകടക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. എം. കെ.പ്രേംനാഥ്</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്ന തരത്തിലുള്ള മികച്ച ധനകാര്യമാനേജ്മെന്റും ഫിസ്ക്കൽ ഡിസിപ്ളിനുമാണ് കേരളത്തിലുള്ളത്. പൊതുകടവും ധനകമ്മിയും റവന്യൂ കമ്മിയും കുറഞ്ഞു വരുന്നതും റവന്യൂ റെസീപ്റ്റും നികുതി-നികുതിയേതര വരുമാനങ്ങളും വർദ്ധിച്ചു വരുന്നതും ശ്രദ്ധേയമാണ്. കേരളത്തിന്റെ സമഗ്ര വികസനത്തിനുതകുന്ന ഒട്ടനവധി പരിപാടികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അവ പൂർണ്ണതോതിൽ വിജയിക്കാൻ കേന്ദ്ര സർക്കാരിൽ നിന്നും ഇതിലേക്കാവശ്യമായ സാമ്പത്തിക സ്രോതസ്സുകൾ ലഭിക്കണം. മലബാർ പാക്കേജിനു

വേണ്ടി ബഡ്ജറ്റിൽ തുക വകയിരുത്തിക്കൊണ്ട് ആ മേഖലയുടെ വികസന ത്തിനുവേണ്ടി ആത്മാർത്ഥമായ ശ്രമമുണ്ടായത് സ്വാഗതാർഹമാണ്. വ്യവസായ രംഗത്ത് വിപ്ളവകരമായ മാറ്റങ്ങൾ സൃഷ്ടിച്ചുകൊണ്ട് പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും തകർന്നുപോയ വ്യവസായങ്ങളെ ശക്തിപ്പെടുത്താനും ഈ ഗവൺമെന്റ് നടപടികൾ സ്വീകരിച്ചു. കൈത്തറി മേഖലയുടെ പുരോഗതിക്കുവേണ്ടി ഒട്ടനവധി പദ്ധതികൾ ഈ ഗവൺമെന്റിന്റെ ബഡ്ജറ്റിൽ ഉണ്ടായിട്ടുണ്ട്. കാർഷിക കടാശ്വാസ കമ്മീഷൻ നിലവിൽ വന്നതുവഴി കർഷക ആത്മഹത്യകൾ കുറയ്ക്കാൻ സാധിച്ചു. മത്സ്യത്തൊഴിലാളികൾക്കു വേണ്ടിയുള്ള കടാശ്വാസ പദ്ധതിയും സ്വാഗതാർഹമാണ്.

<u>ശ്രീ. എം. എം. മോനായി:</u> ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആഗോള സാമ്പത്തിക മാന്ദ്യം നിലനിൽക്കുന്ന ഈ കാലഘട്ടത്തിൽ കൂടുതൽ ചെലവ് ചെയ്തുകൊണ്ട് കൂടുതൽ തൊഴിൽ സാധ്യതകൾ സൃഷ്ടിക്കാൻ നടപടികൾ സ്വീകരിക്കണമെന്നാണ് സാമ്പത്തിക ശാസ്ത്ര ജ്ഞൻമാർ പറയുന്നത്. കേരളത്തിന്റെ പദ്ധതി-പദ്ധതിയേതര ചെലവുകൾ വർദ്ധിക്കുന്നതോടൊപ്പം അടിസ്ഥാന സൗകര്യങ്ങളും വർദ്ധിക്കുന്നതായി ട്ടാണ് കാണുന്നത്. എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയ വിദ്യാഭ്യാസ പരിഷ്ക്കാരങ്ങൾ അവഗണിക്കാൻ സാധ്യമല്ല. സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി ലോകത്തെ വൻകിട രാജ്യങ്ങളിൽ സംഭവിച്ചതുപോലെ കേരളത്തിലും നിരവധി തൊഴിൽ അവസരങ്ങൾ നഷ്ടപ്പെടുകയും വളർച്ചാ നിരക്ക് കുറയുകയും ചെയ്തു. ഇൻഡ്യയുടെ പൊതുവായ സ്ഥിതി പരിശോ ധിച്ചാൽ കാർഷിക മേഖലയുടെ വളർച്ച കുറഞ്ഞു. കേന്ദ്ര സർക്കാരിന്റെ ഇടക്കാല ബഡ്ജറ്റിൽ ഉത്തേജക പാക്കേജുകൾ പ്രഖ്യാപിച്ചാലും

നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തിൽ നിന്നും രാജ്യത്തെ രക്ഷിക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച ഉപധനാഭ്യർത്ഥന സംസ്ഥാനത്തിന്റെ അടിസ്ഥാനപരമായ വികസനത്തേയും പൊതുതാല്പര്യത്തേയും മുൻനിർത്തിയുള്ളതാണ്. കേരളത്തിൽ പണിയെടുക്കുന്ന അന്യസംസ്ഥാനങ്ങളിലെ തൊഴിലാളികൾക്കും ഈ ഗവൺമെന്റ് ക്ഷേമപദ്ധതി ഏർപ്പെടുത്തി. മുടങ്ങിക്കിടന്ന കുടിവെള്ള പദ്ധതികൾ ഈ സർക്കാർ നടപ്പിലാക്കി. കേരളത്തിന്റെ സമസ്തമേഖലകളിലും വികസനമുണ്ടായതിൽ എൽ.ഡി.എഫ്. സർക്കാരിന്റെ പങ്ക് വിസ്മരിക്കാനാകില്ല. കേന്ദ്ര സർക്കാർ പിന്തുടരുന്ന തെറ്റായ നയം ഇന്ത്യയിലെ 23 കോടി ജനങ്ങളെ പട്ടിണിയിലും പോഷകാഹാരക്കുറവിലും നിരക്ഷരതയിലുമാണ് കൊണ്ടെത്തിച്ചത്. സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി ഇല്ലാതാക്കുന്നതിന് ജനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതോടൊപ്പം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതടക്കമുള്ള ഇടപെടലുകളാണ് ഗവൺമെന്റ് നടത്തുന്നത്. വൻകിടക്കാർക്ക് കൂടുതൽ ഇളവ് നൽകുന്ന കേന്ദ്രനയത്തിന്റെ ഫലമായി ഇന്ത്യയുടെ സാമ്പത്തിക പ്രതിസന്ധി കൂടുതൽ രൂക്ഷമാകുകയാണ്.

<u>ശ്രീ. പി. എം. എ .സലാം:</u> ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. ആഗോള സാമ്പത്തിക മാന്ദ്യം ലോകത്തിലെ മറ്റ് പ്രദേശങ്ങളെയെന്നപോലെ ഇന്ത്യയേയും ബാധിച്ചിരിക്കുന്ന സന്ദർഭത്തിലാണ് ഇവിടെ ഉപധനാഭ്യർത്ഥനകൾ അവതരിപ്പിച്ചിട്ടുള്ളത്. പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിന് ബഡ്ജറ്റിൽ 10 കോടിരൂപയാണ് വകയിരുത്തിയിട്ടുള്ളത്. സാമ്പത്തിക മാന്ദ്യത്തെ നേരിടാൻ 10,000 കോടിരൂപയുടെ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. കുടിവെള്ള പദ്ധതികൾക്കും മരാമത്ത് പണികൾക്കുമായി 5000

കോടിരൂപയും നീക്കിവച്ചിട്ടുണ്ട്. കാലങ്ങളായി അവഗണിക്കപ്പെട്ടിരുന്ന മലബാർ മേഖലയ്ക്കുവേണ്ടി 1500 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചത് സ്വാഗതാർഹമാണ്. വിദ്യാഭ്യാസമേഖലയുടെ പുരോഗതി മുൻനിർത്തി മലപ്പുറം ജില്ലയിൽ 16 സ്കൂളുകൾ അനുവദിച്ചെങ്കിലും ചില സമുദായങ്ങളുടെ ഇടപെടലുകൾമൂലം ഇത് ഹൈക്കോടതിയുടെ പരിഗണനയിലാണ്. ചരിത്രത്തിലാദ്യമായി മലബാറിലെ 27 കേന്ദ്രങ്ങൾ ടൂറിസം വികസനത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്. തുഷാരഗിരി-കാപ്പാട്-ബേപ്പൂർ എന്നീ പ്രദേശങ്ങളെ യോജിപ്പിച്ചുകൊണ്ട് 68 കി.മീ.നീളത്തിൽ റോഡ് നിർമ്മിക്കാൻ 19 കോടി രൂപ അനുവദിച്ചത് ശ്ലാഘനീയമാണ്. സൈബർ പാർക്കിനുവേണ്ടി 70 ഏക്കർ സ്ഥലം അക്വയർ ചെയ്തതും തീരദേശ റോഡ് രണ്ടുവർഷത്തിനകം പൂർത്തിയാക്കുമെന്ന പ്രഖ്യാപനവും സ്വാഗതാർഹമാണ്. മുസ്ലീം ന്യൂനപക്ഷത്തിന്റെ അഭിമാനമായിട്ടുള്ള ഹജ്ജ്ഹൗസിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും പുതിയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഒരു കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സച്ചാർ കമ്മിറ്റിയുടെ അടിസ്ഥാനത്തിൽ രൂപീകൃതമായ പാലോളി കമ്മിറ്റി ശുപാർശകൾ നടപ്പാക്കാൻ വേണ്ടി 10 കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. മദ്രസ അദ്ധ്യാപകരുടെ പെൻഷനടക്കമുള്ള പദ്ധതികൾ കേരള മദ്രസ പ്രസ്ഥാനത്തിന്റെ നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് നടപ്പാക്കുമെന്ന് ഉറപ്പു നൽകിയിട്ടുള്ളത് സ്വാഗതാർഹമാണ്.

<u>ശ്രീ. മുരളി പെരുനെല്ലി:</u> ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും കർഷക ആത്മഹത്യ തുടർന്നുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ കേരളത്തിലെ ഗവൺമെന്റിന്റെ കൃഷിക്കാ

രോടുള്ള സമീപനത്തിന്റെ ഫലമായി കർഷക ആത്മഹത്യ ഇല്ലാതാക്കാൻ കഴിഞ്ഞുവെന്നുള്ളത് ഈ സർക്കാരിന്റെ നേട്ടമാണ്. നെൽകൃഷിയെ സംരക്ഷിക്കുന്നതിനും തരിശു ഭൂമികളിൽ കൃഷിയിറക്കുന്നതിനും എല്ലാ നിയോജകമണ്ഡലങ്ങളിലും ഭരണപക്ഷ പ്രതിപക്ഷ വ്യത്യാസമില്ലാതെ മുന്നിട്ടിറങ്ങുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. മുൻകാലങ്ങളിൽ നെല്ലിന് ന്യായമായ വില ലഭിക്കാതെ കടബാധ്യത കാരണം കർഷകർ നെൽപ്പാടങ്ങൾ വിൽക്കുന്ന പ്രവണതയുണ്ടായിരുന്നു. അത്തരം ഭൂമികൾ ഭൂമാഫിയകളും റിയൽ എസ്റ്റേറ്റുകാരും കയ്യടക്കി കൊള്ളലാഭം കൊയ്യുന്ന അവസ്ഥയാണ് നിലനിന്നിരുന്നത്. എന്നാൽ ഈ സർക്കാർ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം കൊണ്ടുവന്നതോടുകൂടി കേരളത്തിന്റെ കാർഷിക മേഖലയിലും നെൽകൃഷി മേഖലയിലും വലിയ മാറ്റങ്ങൾ ഉണ്ടായി. ഇന്ന് കർഷകർക്ക് വർദ്ധിച്ച പെൻഷനടക്കമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്ന സ്ഥിതിയാണുള്ളത്. മുൻ സർക്കാരിന്റെ ചെലവ് ചുരുക്കൽ നയത്തിൽനിന്നും വ്യത്യസ്തമായി വരുമാനം വർദ്ധിപ്പിച്ച് ധനസ്ഥിതി മെച്ചപ്പെടുത്തുക എന്നുള്ള ധനനയ സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചത്. കഴിഞ്ഞ 30 മാസത്തെ പ്രവർത്തനംകൊണ്ട് ഈ നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. വിവിധ ക്ഷേമപെൻഷനുകളുടെ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനും പെൻഷൻ നിരക്ക് വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ജീവനക്കാരുടെ ശമ്പള പരിഷ്കരണ ആനുകൂല്യവും ക്ഷാമബത്ത കുടിശ്ശികയും സർക്കാർ കൊടുത്തുതീർത്തു. പൊതുവിതരണ വിപണിയിൽ ശക്തമായി ഇടപെട്ടതിന്റെ ഫലമായി അവശ്യവസ്തുക്കളുടെ വിലക്കയറ്റം പിടിച്ചുനിർത്താൻ സാധിച്ചു. അടച്ചുപൂട്ടിയ പൊതുമേഖലാ സ്ഥാപനങ്ങളെ തുറന്ന് പ്രവർത്തിപ്പിക്കാൻ സാധിച്ചു. സംസ്ഥാനത്തെ ആഭ്യന്തര

വരുമാനത്തിന്റെ ഒരു ശതമാനം മാത്രമായിരുന്ന മൂലധന ചെലവ് 1.6 ശതമാനത്തിൽ എത്തിക്കാൻ സാധിച്ചു. 2010-11 ആകുമ്പോൾ ഇത് രണ്ട് ശതമാനത്തിലേയ്ക്ക് എത്തിക്കുക എന്ന ലക്ഷ്യമാണുള്ളത്. തകർന്ന റേഷൻ സമ്പ്രദായത്തെ ശക്തിപ്പെടുത്തുന്നതിനും പാവപ്പെട്ടവരെ സംരക്ഷിക്കുന്നതിനുംവേണ്ടി രണ്ട് രൂപയ്ക്ക് ഒരു കിലോ അരി കൊടുക്കുന്നതിനുള്ള തീരുമാനം സ്വാഗതാർഹമാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ, പരിവർത്തിത ക്രൈസ്തവർ എന്നിവരുടെ 25,000 രൂപവരെയുള്ള കടങ്ങൾ എഴുതിത്തള്ളാൻ ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. പ്രവാസികൾക്ക് പെൻഷൻ പദ്ധതി പ്രഖ്യാപിച്ചു. പൊന്നാനി കോൾ മേഖലയുടെ വികസനത്തിനുവേണ്ടി ബഡ്ജറ്റിൽ തുക വകയിരുത്തി. രോഗബാധിത തെങ്ങുകൾ വെട്ടിമാറ്റുന്നതിന് 500 കോടി രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തണം. അംഗൻവാടി ജീവനക്കാർക്ക് പെൻഷൻ ഏർപ്പെടുത്തിയത് സ്വാഗതാർഹമാണ്. ഐ.സി.ഡി.എസ്.നെ സ്വകാര്യവൽക്കരിക്കുന്ന നയം കേന്ദ്രഗവൺമെന്റ് സ്വീകരിക്കുമ്പോൾ അവിടത്തെ ജീവനക്കാർക്ക് പെൻഷൻ കൊടുക്കുന്ന നയമാണ് കേരള സർക്കാർ സ്വീകരിക്കുന്നത്. ലാവ്‌ലിൻ അഴിമതി പ്രചരണം പഞ്ചായത്ത്/നിയമസഭാ തെരഞ്ഞെടുപ്പുകളിൽ യു.ഡി.എഫ്.-ന് തുണയായില്ല. വരാൻ പോകുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിലും ഇതുതന്നെയായിരിക്കും സ്ഥിതി.

<u>ശ്രീ. വി.എസ്. സുനിൽകുമാർ:</u> ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാന ബഡ്ജറ്റ് കേരളത്തിലെ ജനങ്ങൾ സന്തോഷത്തോടെ സ്വീകരിച്ചിരിക്കുന്നു. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ജനങ്ങൾക്ക് കിലോയ്ക്ക് രണ്ടു രൂപ നിരക്കിൽ അരി നൽകാൻ തീരുമാനിച്ചു.

യു.ഡി.എഫ്.-ന്റേതിൽ നിന്നും തികച്ചും വ്യത്യസ്തമായ വികസന നയമാണ് എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ആഗോള സാമ്പത്തിക പ്രതിസന്ധിയെ തരണം ചെയ്യാൻ പര്യാപ്തമായ ഒരു ബദൽ നയമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. അടിസ്ഥാന സൗകര്യം, കൃഷി തുടങ്ങി സേവന മേഖലയെപ്പോലും കേന്ദ്ര സർക്കാർ ആഗോളവൽക്കരിച്ചപ്പോൾ സംസ്ഥാന സർക്കാർ വിലക്കയറ്റം തടയാനാണ് നടപടി സ്വീകരിച്ചത്. കാർഷിക മേഖലയിൽ വിത്ത് വിതരണം മുതൽ വിളവെടുപ്പുവരെ ഫലപ്രദ മായ പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടപ്പാക്കുന്നത്. പ്രസ്തുത മേഖല യിൽ മാത്രം പെൻഷൻ ഇനത്തിൽ ഒരു മാസം ഒന്നര കോടി രൂപയാണ് ചെലവഴിക്കുന്നത്. തൊഴിലില്ലായ്മ പരിഹരിക്കാനുള്ള നടപടികൾ സ്വീകരി ച്ചുകൊണ്ടിരിക്കുന്നു. അവശ വിഭാഗങ്ങളുടെ സാമൂഹിക സുരക്ഷിതത്വം ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചു. ജനങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി ക്കൊണ്ടുള്ള ഇടപെടലുകളാണ് സർക്കാർ നടത്തുന്നത്. ആരോഗ്യ മേഖല ഉൾപ്പെടെയുള്ള അടിസ്ഥാന വികസന മേഖലകളിൽപോലും വിദേശ ഏജൻസികളുടെ ഫണ്ടിംഗില്ലാതെ മുന്നോട്ടു പോകാൻ സാധിക്കില്ലെന്ന സ്ഥിതിയുണ്ടായിരിക്കുകയാണ്. സംസ്ഥാനങ്ങൾക്ക് സാമ്പത്തിക വിതരണം നടത്തുന്ന കാര്യത്തിൽ അസമത്വമാണ് കേന്ദ്രം തുടർന്നുപോരുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾ ഗ്രാമീണ മേഖലാ വികസന കാര്യത്തിൽ ഇടപെടരുതെന്ന ധനകാര്യ കമ്മിഷന്റെ നിർദ്ദേശ പ്രകാരം നിന്നുപോയ കുടിവെള്ള പദ്ധതികൾ സംസ്ഥാന സർക്കാർ പുനരാരംഭിക്കാൻ തീരുമാ നിച്ചു. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി തകർക്കുന്ന രീതിയിലുള്ള സമാന്തര സാമ്പത്തിക സ്ഥിതി ഉണ്ടാക്കിയതിനെ സംബന്ധിച്ച് ചർച്ച ചെയ്യണം. വിദേശ നാണ്യം നേടിത്തരുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന

പ്രവാസി ഇൻഡ്യക്കാർക്കുവേണ്ടി സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. പൂട്ടിക്കിടന്ന പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാനും നഷ്ടത്തിലായവ ലാഭത്തിലാക്കാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. 2008-ൽ വേനൽമഴ മൂലം കോടിക്കണക്കിന് രൂപയുടെ കൃഷി നശിച്ച കർഷകർക്ക് മാനദണ്ഡങ്ങൾ നോക്കാതെ ഹെക്ടറൊന്നിന് 10000 രൂപ നഷ്ടപരിഹാരം നൽകാൻ തീരുമാനിച്ചു. സാധാരണക്കാരിൽ സുരക്ഷിതത്വ ബോധം വളർത്താനാവശ്യമായ ശക്തമായ നടപടികളുമായിട്ടാണ് എൽ.ഡിഎഫ്. സർക്കാർ മുന്നോട്ടുപോകുന്നത്.

<u>ശ്രീ. എം. ഹംസ:</u> ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പാക്കിയതിനുള്ള അംഗീകാരമായിട്ടാണ് ഉപധനാഭ്യർത്ഥനകളെ കാണേണ്ടത്. യാന്ത്രികമായ എതിർപ്പുകൾ മാത്രമാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തു നിന്നുണ്ടായിരിക്കുന്നത്. ആഗോള സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ കേന്ദ്രത്തിനു മുമ്പിൽ ഒരു മാർഗ്ഗവുമില്ലാതിരിക്കുന്ന സാഹചര്യത്തിലാണ് സംസ്ഥാന സർക്കാർ അതിനെ മറികടക്കാനുള്ള ബദൽ നിർദ്ദേശങ്ങൾ സ്വീകരിച്ചിരിക്കുന്നത്. സംസ്ഥാനം വികസനത്തിന്റെ പാതയിലാണ്. കണ്ണൂർ വിമാനത്താവളത്തിനു വേണ്ടിയും പാലക്കാട് കോച്ച് ഫാക്ടറിക്കു വേണ്ടിയും സ്ഥലമെടുക്കുന്നതിന് പണം അനുവദിച്ചു. കുമരകം ബോട്ടപകടത്തിൽപ്പെട്ട് മരണമടഞ്ഞവർക്ക് സ്മാരകം പണിയുന്നതിന് പണം നീക്കിവച്ചു. മലബാർ ദേവസ്വം ബോർഡിനും വഖഫ് ബോർഡിനും തുക കണ്ടെത്തി. സംസ്ഥാനത്ത് ക്രമസമാധാനം നിലനിറുത്താൻ ആഭ്യന്തരവകുപ്പിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ തുക വകയിരുത്തി. വൈദ്യുതി സർച്ചാർജ്ജ് കുറച്ചു.

കേന്ദ്രം പെട്രോൾ ഉൽപ്പന്നങ്ങളുടെ വില നാമമാത്രമായി കുറച്ച സാഹചര്യത്തിൽ സംസ്ഥാന സർക്കാർ ബസ് ചാർജ്ജും വെള്ളക്കരവും കുറച്ചു. ധനകാര്യ വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന്റെ ഫലമായി നികുതി വരുമാനം വർദ്ധിച്ചു. പി.ഡബ്ല്യു.ഡി. കരാറുകാരുടെ കുടിശ്ശിക കൊടുത്തുതീർത്തു. പ്രസ്തുത മേഖലയിലെ പ്രവർത്തനങ്ങളിൽ അഴിമതി ഇല്ലാതാക്കാൻ ഇ-ടെണ്ടർ സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചു. ക്ഷേമപദ്ധതികളുടെ കുടിശ്ശിക കൊടുത്തുതീർക്കാൻ 800 കോടിരൂപ അനുവദിച്ചു. 65 വയസ്സു കഴിഞ്ഞ പാവപ്പെട്ടവർക്ക് 100 രൂപ അലവൻസ് നൽകാൻ തീരുമാനിച്ചു. ക്ഷേമ പെൻഷനുകൾ 250 രൂപയായി വർദ്ധിപ്പിച്ചു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കിലോയ്ക്ക് രണ്ട് രൂപ നിരക്കിൽ അരി നൽകാൻ തീരുമാനിച്ചു. പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കി. കെ.എഫ്.സി.യുടെ എഫിഷ്യൻസി വർദ്ധിപ്പിച്ചു. ശബരിമല സീസണിൽ ദേവസ്വം വകുപ്പ് മെച്ചപ്പെട്ട പ്രവർത്തനമാണ് കാഴ്ചവച്ചത്. മലബാർ ദേവസ്വം ബിൽ അവതരിപ്പിച്ചു. ജീവനക്കാർക്ക് ശമ്പളവർദ്ധനവ് നൽകി. എല്ലാ മേഖലകളിലും കാര്യക്ഷമതയോടെയുള്ള പ്രവർത്തനങ്ങൾ കാഴ്ചവച്ച ഈ സർക്കാർ ജനപിന്തുണയോടെ മുന്നോട്ടു പോവുകയാണ്.

<u>ശ്രീ. ജോർജ് മേഴ്സിയർ</u> : ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. 2387.74 കോടി രൂപയ്ക്കുള്ള പ്രൊപ്പോസലാണ് എസ്. ഡി. ജി. യിലുള്ളത്. സാമ്പത്തികവർഷാവസാനം ഇത്രയും തുകയ്ക്കുള്ള പ്രൊപ്പോസൽ കൊണ്ടുവരുന്നതും ചെലവഴിക്കുന്നതും സാമ്പത്തിക മാനേജ്മെന്റിന്റെ കഴിവുകേടാണെന്നാണ് ആഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. ബഡ്ജറ്റിൽ ഓരോ വർഷവും അനുവദിക്കുന്ന തുക ചെലവഴിക്കാതെയും കേന്ദ്ര

ഗവൺമെന്റിന്റെ സഹായങ്ങൾ ലാപ്സാക്കുകയും ചെയ്യുന്ന സർക്കാരാണ് സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റുമായി വന്നിരിക്കുന്നത്. സാമ്പത്തിക മാന്ദ്യം നേരിടാൻ കേന്ദ്ര ഗവൺമെന്റ് ഒന്നും ചെയ്തില്ല എന്നുപറയുന്നവർ ബഡ്ജറ്റിൽ പ്രഖ്യാപനങ്ങളുടെ മായാവിലാസം മാത്രമാണ് നടത്തിയിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റ് കഴിഞ്ഞ ഒക്ടോബർ മുതൽ ആർ. ബി. ഐ. ഉൾപ്പെടെ വിവിധ സ്ഥാപനങ്ങൾവഴി മൂന്ന് പ്രാവശ്യം പ്രഖ്യാപിച്ച ധനകാര്യ ഇന്റർവെൻഷനിലൂടെ ഏകദേശം മൂവായിരത്തിലേറെ കോടി രൂപയാണ് എക്കോണമിയിലേയ്ക്ക് ഡമ്പ് ചെയ്തത്. കോടിക്കണക്കിന് രൂപ വ്യവസായ -വാണിജ്യ മേഖലകൾക്ക് നൽകി. കയറ്റുമതി മേഖലയ്ക്ക് നിരവധി ആനുകൂല്യം നൽകി. സംസ്ഥാന ബഡ്ജറ്റിൽ രണ്ട് വർഷത്തേയ്ക്ക് 10 കോടിരൂപയുടെ പാക്കേജ് പ്രഖ്യാപിച്ചപ്പോൾ കേന്ദ്ര ഗവൺമെന്റ് ഒരാഴ്ച കൊണ്ട് അതിൽക്കൂടുതൽ കേരളത്തിനുവേണ്ടി അനുവദിച്ചു. ആകെ 25 കോടിരൂപയിൽത്താഴെ മാത്രമാണ് സംസ്ഥാന ഗവൺമെന്റ് കർഷകർക്ക് നൽകിയത്. കേന്ദ്ര ഗവൺമെന്റ് ആറ് മാസംകൊണ്ട് കർഷകരിൽനിന്നും അപേക്ഷയൊന്നും സ്വീകരിക്കാതെയും പഞ്ചായത്ത് മെമ്പറുടെ സർട്ടിഫിക്കറ്റ് ഇല്ലാതെയും രണ്ടായിരത്തോളം കോടിരൂപ കേരളത്തിനുവേണ്ടി ചെലവഴിച്ചു. കൂട്ടുത്തരവാദിത്വവും ലക്ഷ്യബോധവുമില്ലാത്ത സർക്കാരാണ് കേരളം ഭരിക്കു ന്നത്. ഭൂമിയും നദികളും കായലുകളും മാഫിയകൾ കയ്യേറിക്കൊണ്ടിരിക്കു കയാണ്. മാഫിയകളെ നിയമവിധേയമാക്കുന്നതിന് ഡാമുകളിൽനിന്നും നദികളിൽനിന്നും യഥേഷ്ടം മണൽ വാരുന്നതിനും വനങ്ങളിൽ വീണു കിടക്കുന്ന മരങ്ങൾ മുറിക്കുന്നതിനും അനുവദിച്ചിരിക്കുകയാണ്. സർക്കാർ സ്ഥാപനങ്ങളുടെ ഭൂമി സ്വകാര്യ കമ്പനികൾക്ക് നൽകാനുള്ള നടപടികളാണ്

ഗവൺമെന്റ് സ്വീകരിക്കുന്നത്. മലമ്പുഴ ഡാമിൽനിന്നും 300 കോടിരൂപയുടെ മണൽ സമാഹരിക്കാനാണ് ശ്രമിക്കുന്നത്. വൈദ്യുതിച്ചാർജ്ജ്, വെള്ളക്കരം എന്നിവ പല പ്രാവശ്യം വർദ്ധിപ്പിച്ചു. എസ്. ഡി. ജി. യിൽ പറഞ്ഞിട്ടുള്ള പല ചെലവുകളും ഒറിജിനൽ ബഡ്ജറ്റിൽ തുക കുറച്ച് കാണിച്ച് റവന്യൂ കമ്മി കുറയ്ക്കാൻ ബോധപൂർവ്വം ശ്രമിച്ചതിന്റെ ഫലമായുണ്ടായതാണ്. പേഴ്സണൽ സ്റ്റാഫിനും ഇൻഫർമേഷൻ ആന്റ് പബ്ലിസിറ്റിക്കുംവേണ്ടി വകയിരുത്തിയിരിക്കുന്ന തുക കൂടുതലാണ്. കുടിവെള്ളമില്ലാതെയും കൊതുകുകടി മൂലമുള്ള പകർച്ചവ്യാധിയുടെ പിടിയിൽപ്പെട്ടും ജനം വലയുമ്പോൾ പരസ്യം നൽകാൻ ഭീമമായ തുക ചെലവഴിക്കുന്നത് ലജ്ജാകരമാണ്. സഹകരണ ലോട്ടറിക്ക് വകയിരുത്തിയിരുന്ന അഞ്ചുകോടി ഇരുപത്തേഴ് ലക്ഷം രൂപ ചെലവഴിച്ചതിനെക്കുറിച്ച് വ്യക്തമാക്കണം.

ധനകാര്യ വകുപ്പുമന്ത്രി <u>(ഡോ. തോമസ് ഐസക്ക്)</u> : 238 കോടിരൂപയുടെ എസ്. ഡി. ജി. യാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഇതിൽ സിംഹഭാഗവും ഇതിനകംതന്നെ അഡീഷണൽ ആതറൈസേഷൻവഴി ചെലവഴിച്ചിട്ടുണ്ട്. ഇനി ചെലവ് ചെയ്യാനുള്ളതിൽ കെ. എഫ്. സി. യുടെ ഷെയർ വിഹിതവും ഹഡ്കോയ്ക്കുള്ള തിരിച്ചടവും സിങ്കിംഗ് ഫണ്ടിലേയ്ക്കുള്ള സംസ്ഥാന സർക്കാരിന്റെ നിക്ഷേപവും ഉൾപ്പെടും. ഇതിനുപുറമേ പുതിയ ചെലവുകൾ വന്നുചേരുന്നു. ഇവിടെ ഉന്നയിച്ച വിമർശനങ്ങൾ അടിസ്ഥാനരഹിതമാണ്. ക്യാപ്പിറ്റൽ എക്സ്പെന്റിച്ചർ ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ 8.4 ശതമാനമേയുള്ളൂവെങ്കിൽ എസ്. ഡി. ജി. യിൽ 37.2 ശതമാനം വരും. പ്ലാൻ എക്സ്പെന്റിച്ചറും ഡെവലപ്മെന്റ് എക്സ്പെന്റിച്ചറും ബഡ്ജറ്റ് എസ്റ്റിമേറ്റിനേക്കാൾ എസ്. ഡി. ജി. യിൽ കൂടുതലാണ്. വയൽ നികത്തിയത്

റെഗുലറൈസ് ചെയ്യുമ്പോൾ അടയ്ക്കേണ്ട പിഴ ഇനത്തിൽ 25 കോടിരൂപ സമാഹരിക്കാൻ കഴിയും. മിനിമം 15 കോടി രൂപയുടെ വർക്കാണ് ഓരോ നിയോജക മണ്ഡലത്തിലും അനുവദിച്ചിരിക്കുന്നത്. എം.എൽ.എ. മാരുടെ പങ്കാളിത്തം ഉണ്ടായാലേ ഇത്തരം വർക്കുകളിൽ ഭരണാനുമതി നേടിയെടുത്ത് നടപ്പാക്കാൻ കഴിയുകയുള്ളൂ. മൂന്നാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ കൊടുക്കുന്ന ഗ്രാന്റ് നോൺ പ്ലാൻ റവന്യൂ എക്സ്പെൻഡിച്ചറായി കൊടുക്കാൻ തീരുമാനിച്ചു. അങ്ങനെ വരുമ്പോൾ നോൺ പ്ലാൻ റവന്യൂ കമ്മി കൂടുതലായിരിക്കും. ഈ വ്യത്യാസംമൂലമാണ് റവന്യൂ നോൺ പ്ലാൻ ചെലവ് കുത്തനെ കൂടുന്നത്. ഈ ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വാഹന നികുതികൾ എന്ന IX -ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജയിൽ എന്ന

XIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും 19-നെതിരെ 62 വോട്ടുകളോടെയും വിനോദ സഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പട്ടികജാതി/പട്ടിക വർഗ്ഗ/മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വ്യവസാ

യങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥ നയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാ ഭ്യർത്ഥനയും 20-നെതിരെ 63 വോട്ടുകളോടെയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു. ചർച്ച കൂടാതെ പാസ്സാക്കേണ്ട ഉപധനാ ഭ്യർത്ഥനകളും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 3.45-ന് പിരിഞ്ഞു.

...............